PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952

Friday, the 25th July, 1952.

Vol. VI. OFFICIAL REPORT No. 22

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 25th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

SHORT NOTICE QUESTION

പോലീസുമർദ്ദനം.

* ൧. [൨൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടയ്ക്കാവൂർ ശ്രീ. യു. നീലകണ്ഠനെ ൨൧–൧·൧൧൨൭-ൽ വർക്കല ലാക്കപ്പിൽവച്ചു് പോലീസു കയ്യേറ്റം ചെയ്തതിനെ സംബന്ധിച്ചുള്ള പരാതി കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അന്വേഷണം നടത്തിയോ?

(സി) അന്വേഷണഫലം എന്തു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): (എ) ശ്രീ. യു. നീലകണ്ഠനെ ൨൧–൧–൧൧൨൭-ൽ വർക്കല ലാക്കപ്പിൽവച്ചു് പോലീസുകാർ കയ്യേറ്റം ചെയ്തതായിട്ടു തിരുവനന്തപുരം എ. എസ്. പി. യോടു വാക്കാൽ പരാതി ബോധിപ്പിച്ചിട്ടുണ്ട്.

(ബി) അതുസംബന്ധിച്ചന്വേഷണം നടത്തുന്നുണ്ട്.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: അന്വേഷണം നടത്തിയിടത്തോളമുള്ള വിവരങ്ങൾ അറിയിക്കാൻ ദയവുണ്ടാകുമോ;

ശ്രീ. ടി. എം. വർഗ്ഗീസ്: നടത്തിയിടത്തോളമുള്ള അന്വേഷണത്തിൽ പരസ്യംചെയ്യാൻ പാടുള്ള സംഗതികൾ മാത്രമേ പറയാൻ

നിവർത്തിയുള്ളു. അവിടെയുള്ള ഇൻസ്പെക്ടർ കയ്യേററം ചെയ്തതായിട്ടോ ഇൻസ്പെക്ടരുടെ ആവശ്യപ്രകാരം വല്ലവരും കയ്യേററം ചെയ്തതായിട്ടോ ശ്രീ. യു. നീലകണ്ഠൻ പരാതിപ്പെട്ടിട്ടില്ല. രണ്ടാമത് ആദ്യമെ മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരായിട്ടുള്ളപ്പോഴും ദേഹോപദ്രവം ചെയ്തിട്ടുള്ളതായി പരാതിപ്പെട്ടിട്ടില്ല. പിന്നെ ബഹുമാനപ്പെട്ട മെംബർ ഉൾപ്പെടെ ആ സ്ഥലത്തുള്ള ഏതാനും ആളുകൾ മന്ത്രിയുടെ അടുക്കൽ ഈ സംഭവത്തെപ്പററി പരാതിപ്പെട്ടതനുസരിച്ച് തിരുവനന്തപുരം എ. എസ്. പി. സ്ഥലത്തുപോയി അന്വേഷണം നടത്തിയപ്പോൾ എ. എസ്. പി. യുടെ അടുത്ത് അതേപ്പററി പരാതി പറഞ്ഞിട്ടുണ്ട്. കയ്യേററം ചെയ്ത സംഗതിയെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷണത്തിലിരിക്കുകയാണ്. അതേപ്പററി പൂർണ്ണമായ അറിവു കിട്ടിയിട്ടില്ല. കിട്ടിയിടത്തോളമുള്ള അറിവു കൊണ്ട് അവർ അങ്ങനെ കയ്യേററം ചെയ്തതായിട്ടു വെളിപ്പെട്ടിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : തിരുവനന്തപുരം സിററി സെക്കൻറ ക്ലാസ്സ് മജിസ്ട്രേട്ടു മുമ്പാകെ ശ്രീ. നീലകണ്ഠൻ മർദ്ദനമേററതായി പറഞ്ഞിട്ടില്ലേ ?

ശ്രീ. ററി. എം. വർഗ്ഗീസ് : അങ്ങനെ പരാതി പറഞ്ഞിട്ടുണ്ട്. എന്നാൽ ആററിങ്ങൽ മജിസ്ട്രേട്ടുമുമ്പാകെ പറഞ്ഞിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : പോലീസുകാരുടെ നിർദ്ദേശമനുസരിച്ചു ശ്രീ. നീലകണ്ഠനെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജു ചെയ്തോ ?

ശ്രീ. ററി. എം. വർഗ്ഗീസ് : ആദ്യമെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജുചെയ്തു. പിന്നെയും അല്പദിവസംകൂടി അവിടെ കിടക്കണമെന്നപേക്ഷിച്ചതുകൊണ്ട് അല്പദിവസം താമസിപ്പിച്ചു.

ശ്രീ. ആർ. ഗംഗാധരൻ : വർക്കല പോലീസ് ഇൻസ്പെക്ടരുടെ പേരിൽ ഇതിനകം എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ററി. എം. വർഗ്ഗീസ് : ഒരു പരാതി കിട്ടിയിട്ടുള്ളതായി ഓർക്കുന്നുണ്ട്. മററു പരാതികളെപ്പററി അന്വേഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. ശ്രീ. യു. നീലകണ്ഠൻ ഇൻസ്പെക്ടരുടെ മേൽ പരാതിപ്പെട്ടില്ല. മററു പരാതികൾ ഉണ്ടെങ്കിൽതന്നെ അതുസംബന്ധിച്ചുള്ള അന്വേഷണത്തെക്കുറിച്ചു പരസ്യപ്പെടുത്താൻ പാടില്ല.

ശ്രീ. ആർ. ഗംഗാധരൻ : വർക്കല പോലീസ് ഇൻസ്പെക്ടരുടെ പേരിൽ ഇതിനുമുമ്പ് പരാതികൾ ലഭിച്ചിട്ടുണ്ടോ ?

Mr. Speaker: The question at issue is about U. Neelakantan and whether he has been badly treated in the lock-up during his recent arrest. Is it the intention of the Member to look into all complaints against the Police Inspector, Varkala, in which case questions at random are likely to be put and answers more or less on those lines will be given ? Is that the type of question which the Member is going to indulge in ?

ശ്രീ. ആർ. ഗംഗാധരൻ : ശ്രീ. യു. നീലകണ്ഠൻെറ മേൽ നടത്തിയ കയ്യേററത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതാരാണ് ?

ശ്രീ. ററി. എം. വര്‍ഗ്ഗീസ്: ഈ സംഭവത്തെ സംബന്ധിച്ച അന്വേഷണം നടത്തുന്നതു പോലീസ് അധികാരികള്‍ തന്നെയാണ്.

ശ്രീ. ആര്‍. ഗംഗാധരന്‍: അതേതുദ്യോഗസ്ഥനാണെന്നു പറയാമോ?

ശ്രീ. ററി. എം. വര്‍ഗ്ഗീസ്: അന്വേഷണം നടത്തി കഴിഞ്ഞതിനു ശേഷം ആരെല്ലാമാണെന്നു പറയാമെന്നല്ലാതെ ഇപ്പോള്‍ പറയാന്‍ നിവൃത്തിയില്ല. ഇതേക്കുറിച്ച്, സര്‍ക്കിള്‍ ഇന്‍സ്പെക്ടര്‍ക്കും, എ. എസ്. പി. ക്കും, ഡി. എസ്. പി. ക്കും അന്വേഷണം നടത്തുവുന്നതാണ്. അന്വേഷണം പൂര്‍ത്തിയാക്കാതെ ആരാണെന്ന് പറയാന്‍ നിവൃത്തിയില്ല.

ശ്രീ. ററി. വി. തോമസ്: ശ്രീ. യു. നീലകണ്ഠന്‍ ഇപ്പോള്‍ ആശുപത്രിയിലാണോ ലാക്കപ്പിലാണോ?

ശ്രീ. ററി. എം. വര്‍ഗ്ഗീസ്: ആശുപത്രിയില്‍നിന്നും പോയിരിക്കയാണ്.

ശ്രീ. ററി. വി. തോമസ്: ശ്രീ. നീലകണ്ഠനെ കൈയേററം ചെയ്തതു പോലീസ് ഇന്‍സ്പെക്ടര്‍ അല്ലെന്നാണോ പറയുന്നതു്?

ശ്രീ. ററി. എം. വര്‍ഗ്ഗീസ്: ആരാണെന്നു പരാതി തന്നെയും ഉണ്ടായിട്ടില്ല.

Mr. Speaker: The question does not say that there is an allegation about the Varkala Police Inspector having ill treated the man.

Shri T. V. Thomas: But the word 'Police' includes Police Inspector.

പോലീസ് ഇന്‍സ്പെക്ടര്‍ കയ്യേററം ചെയ്തിട്ടില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്?

ശ്രീ. ററി. എം. വര്‍ഗ്ഗീസ്: ഇന്‍സ്പെക്ടര്‍ ദേഹോപദ്രവം ചെയ്തു എന്നുള്ളതിനെക്കുറിച്ച് പ്രത്യേകം അന്വേഷിച്ചതില്‍ കിട്ടിയ അറിവാണ് ഇന്‍സ്പെക്ടര്‍ അങ്ങനെ കൈയേററം ചെയ്തിട്ടില്ലാ എന്നു. ശ്രീ. യു. നീലകണ്ഠനും അങ്ങനെ ഇന്‍സ്പെക്ടര്‍ കയ്യേററം ചെയ്തതായി പറഞ്ഞിട്ടില്ല. രണ്ടു പോലീസുകാരാണ് കയ്യേററം ചെയ്തിട്ടുള്ളതായി പരാതിപ്പെട്ടിരിക്കുന്നതു്.

ശ്രീ. ടി. വി. തോമസ്: വര്‍ക്കല പോലീസ് ഇന്‍സ്പെക്ടരെപ്പററി ഇതിനുമുമ്പും പരാതികള്‍ കിട്ടീട്ടുണ്ടോ?

ശ്രീ. ടി. എം. വര്‍ഗ്ഗീസ്: ഫയല്‍ നോക്കിയാല്‍ ചിലപ്പോള്‍ കാണും.

ശ്രീ. ടി. വി. തോമസ്: തുടര്‍ച്ചയായി ലാക്കപ്പില്‍വച്ച് മര്‍ദ്ദനം നടത്തുന്നതായി വര്‍ക്കല പോലീസിന്റെ പേരില്‍ പരാതിയുണ്ടായിട്ടും അതേപ്പററി നടപടി എടുക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. ടി. എം. വര്‍ഗ്ഗീസ്: അങ്ങനെ പരാതികള്‍ ഉള്ളതായി എന്റെ ഓര്‍മ്മയില്‍ ഇല്ല. അങ്ങനെ പ്രവര്‍ത്തിക്കയോ പ്രവര്‍ത്തിച്ചതായി സംശയത്തിനു ഇടകൊടുക്കയോ ചെയ്യരുതെന്നു പോലീസ് അധികാരി

കളെ ധരിപ്പിക്കാം. വക്കല സ്റ്റേഷനിൽ തുടർച്ചയായി മർദ്ദനം നടക്കുന്നു എന്നു് പരാതിയുണ്ടെന്നു പറയുന്നതു തെറ്റാണു്.

ശ്രീ. ററി. വി. തോമസ്: വക്കല പോലീസിനെപ്പററി ഈ തരത്തിലുള്ള പരാതികൾ യാതൊന്നും കിട്ടിയിട്ടില്ല എന്നാണോ പറയുന്നതു്?

ശ്രീ. ററി. എം. വർഗ്ഗീസ്: ആ സ്റ്റേഷനിലെ അനീതികളെപ്പററിയുള്ള പരാതികൾ എന്തെല്ലാമാണെന്നു് ഇപ്പോൾ ഓർക്കുന്നില്ല. അതേപ്പററി അന്വേഷിച്ചല്ലാതെ ഓർമ്മയിൽനിന്നു മറുപടി പറയാൻ തരമില്ല.

ശ്രീ. ററി. വി. തോമസ്: പരാതികളെപ്പററി ചോദിച്ചാൽ ഓർമ്മയില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ററി. എം. വർഗ്ഗീസ്: വളരെ ശരിയാണു്.

ശ്രീ. ററി. വി. തോമസ്: വക്കല പോലീസിനെപ്പററി പരാതി കിട്ടിയിട്ടുണ്ടോ എന്നു ചോദിക്കുമ്പോൾ അതു് ഓർമ്മയില്ല എന്നു പറയുന്നതു ഞങ്ങൾ കേട്ടുകൊണ്ടിരിക്കണമെന്നാണോ പറയുന്നതു്?

ശ്രീ. ററി. എം. വർഗ്ഗീസ്: ശ്രീ. യു. നീലകണ്ഠനെ വക്കല പോലീസ് സ്റ്റേഷനിലിട്ടു് ൧–൧–൭൨-ൽ ദേഹോപദ്രവം ഏല്പിച്ചതായി വിവരിച്ചുള്ള ചോദ്യത്തിനു ഉപചോദ്യമായി വക്കല പോലീസിനെപ്പററി ഏതുകാലത്തും ഉണ്ടായിട്ടുള്ള പരാതികളുടെ വിവരം ഓർമ്മയുള്ളതു പറയുകയും മറവുള്ളതായി ഓർമ്മയില്ലെന്നു പറയുകയും ചെയ്താൽ അതു യഥാർത്ഥമായതുകൊണ്ടു് കേട്ടുകൊണ്ടിരിക്കയേ നിവൃത്തിയുള്ളു.

ശ്രീ. ററി. വി. തോമസ്: പല സന്ദർഭങ്ങളിലും വക്കല പോലീസിനെപ്പററിയുള്ള പരാതികളെക്കുറിച്ചു് നിവേദനങ്ങൾ നടത്തിയിട്ടുള്ള വിവരം സത്യമല്ലെന്നാണോ മന്ത്രി പറയുന്നതു്?

ശ്രീ. ററി. എം. വർഗ്ഗീസ്: നിവേദനങ്ങൾ എന്റെ അടുക്കൽ വന്നിട്ടില്ല. വക്കല പോലീസിനെപ്പററി ഒരു പരാതി വന്നിട്ടുള്ളതു് എന്റെ ഓർമ്മയിൽ ഉണ്ടു്. കൂടുതലായി വല്ലതുമുണ്ടെങ്കിൽ അതേക്കുറിച്ചു് അന്വേഷിച്ചു് പറയാം. അതിനു നോട്ടീസ് ഉണ്ടായിരിക്കേണ്ടതായിരുന്നു. ഇപ്പോൾ വക്കല പോലീസ് ഇൻസ്പെക്ടരെപ്പററി ഒരു പരാതിയും മന്ത്രിയുടെ അടുക്കലോ ഗവണ്മെന്റിലോ ഇല്ല.

ശ്രീ. ററി. വി. തോമസ്: ഇപ്പോൾ ഒരു പരാതിയെ സംബന്ധിച്ചു് ഓർമ്മയുണ്ടെന്നു പറഞ്ഞല്ലോ. അതേക്കുറിച്ചു് വല്ല നടപടിയും എടുത്തിട്ടുണ്ടോ;

ശ്രീ. ററി. എം. വർഗ്ഗീസ്: നടപടി എടുത്തിട്ടുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ശ്രീ. വി. പി. നായരും വക്കലയിലെ പൗരന്മാരും പങ്കെടുത്ത ഒരു യോഗത്തിൽ—

Mr. Speaker; Although I never wanted to interfere, I wish that members endeavour to put definite questions which really arise out of the original question instead of putting too general questions.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : രണ്ടുമാസത്തിനുമുമ്പ് ഞാൻ കൂടി പങ്കെടുത്ത ഒരു യോഗത്തിൽ—

Mr. Speaker: That is not relevant.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : പോലീസ് മർദ്ദനം നടത്തി എന്ന ആരോപണം ഉണ്ടായിട്ടുള്ളതു് രാഷ്ട്രീയമായിട്ടോ വ്യക്തിപരമായിട്ടോ ഉള്ള കാരണങ്ങൾ വച്ചുകൊണ്ടാണോ എന്നു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ററി. എം. വർഗ്ഗീസ് : രണ്ടായാലും തെററുതന്നെയാണ്. അന്വേഷണത്തിൽ അറിവാകുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി അതിനെപ്പററി നടപടി നടത്തുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ശ്രീ. യു. നീലകണ്ഠനു് എത്ര വയസ്സുണ്ടെന്നു പറയാമോ ;

ശ്രീ. ററി. എം. വർഗ്ഗീസ് : ഹർജിയിൽ എത്ര വയസ്സു വച്ചിട്ടുണ്ടോ അത്രയും കാണും; വേറെ അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : വക്കീല ഇൻസ്പെക്ടർക്കു് എത്ര വയസ്സുണ്ടെന്നു പറയാമോ ?

ശ്രീ. ററി. എം. വർഗ്ഗീസ് : അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇങ്ങനെ വയസ്സു കൂടുതലുള്ളവരെ തല്ലാതിരിക്കുന്നതിനു് ഏർപ്പാടു ചെയ്യുമോ ?

Mr. Speaker: That contains the presumption that the man was badly treated.

ശ്രീ. പരീതു റാവുത്തർ : ശ്രീ. നീലകണ്ഠനെ അറസ്ററുചെയ്തു ലാക്കപ്പിൽ കൊണ്ടുചെന്നതിനുശേഷം ഇൻസ്പെക്ടർ ബിസ്കററും ചാക്കലേററും വാങ്ങിക്കൊടുത്തതായറിയാമോ ?

Mr. Speaker: How does that question arise from this ?

ശ്രീ. സി. കെ. വിശ്വനാഥൻ : ഇങ്ങനെയുള്ള സംഭവങ്ങൾ പല ലാക്കപ്പുകളിലും നടക്കുന്നതു് ഗവണ്മെൻറിനു് ഇതു പരിഹരിക്കാൻ ഒരു ധീരമായ നയമില്ലാത്തതുകൊണ്ടാണെന്നറിയാമോ ?

Mr. Speaker: That question is disallowed.

ശ്രീമതി കെ. ആർ. ഗൗരി : പതിനഞ്ചു ദിവസങ്ങൾക്കുമുമ്പു് നെടുങ്ങണ്ടയിൽ ഒരു സ്ത്രീയെ ഈ ഇൻസ്പെക്ടർ കയ്യേററം ചെയ്തതായി ഒരു പരാതി മന്ത്രിയുടെ അടുക്കൽ വന്നിട്ടുണ്ടോ ?

ശ്രീ. ററി. എം. വർഗ്ഗീസ് : അങ്ങനെ പരാതി കിട്ടിയതായി ഓർക്കുന്നില്ല. കിട്ടിയിട്ടുണ്ടെങ്കിൽ അതു അന്വേഷണത്തിനയച്ചിട്ടുണ്ട്. ഇപ്പോൾ അതേപ്പററി കൂടുതലായി ഒന്നും പറയാൻ നിവൃത്തിയില്ല. റിപ്പോർട്ടു ഒന്നും വന്നിട്ടില്ല. ഏതോ ഒരു ഇൻസ്പെക്ടറുടെ പേരിൽ അങ്ങനെ ഒരു പരാതി ഹർജി വന്നതായിട്ടു് മാത്രമേ നോട്ടീസുകൂടാതെ എനിക്കു ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

ഡാക്ടർ എൻ. എസ്സ്. പിള്ള: പോലീസ് ഇൻസ്പെക്ടറായാലും കോൺസ്റ്റബിളായാലും അടിക്കുന്നതു് ഏതു റൂൾ അനുസരിച്ചാണെന്നു പറയാമോ?

Mr. Speaker: Evidently the Member presumes that the man has been beaten by the Police. Such a question is disallowed.

ഡാക്ടർ എൻ. എസ്സ്. പിള്ള: അങ്ങനെ അടിക്കാൻ റൂൾ ഉണ്ടോ?

Mr. Speaker: It is common knowledge that the rule is that no man should be beaten by the Police.

Dr. N. S. Pillai: Here is a case where the Police have dealt with the man badly. Representations were also made to that effect. Hence my question which I want the Minister to answer.

Shri Ganapathi: Then why not some of these people be sent to Moscow for training ?

Mr. Speaker: The question is disallowed.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പോലീസ്സു മർദ്ദനമേററിട്ടുള്ളവർ ആരെങ്കിലും ഇന്നത്തെ സ്പീക്കറായിട്ടോ ട്രഷറി ബെഞ്ചുകളിലോ ഇരിക്കുന്നുണ്ടോ?

ADJOURNMENT MOTIONS

ശ്രീ. പരീതു റാവുത്തർ: സർ, ഞാൻ ഒരു അടിയന്തിര പ്രമേയം അയച്ചിരുന്നു. അതു എന്തായിയെന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I have received other adjournment motions also. They have been duly disposed of.

LEGISLATIVE BUSINESS.

The Travancore-Cochin State Aid to Industries Bill.

(*Contd.*)

Clause 6.

Mr. Speaker: We will continue the further consideration of the State Aid to Industries Bill. The House was discussing the amendment of Shri Thanu pillai to clause 6. The Minister may now reply,

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി സ്വീകരിക്കുന്നതിനു നിവൃത്തിയില്ലാത്ത കാരണങ്ങളെ സംബന്ധിച്ചു് കഴിഞ്ഞ ദിവസം പ്രസ്താവിച്ചിട്ടുണ്ടു്. അതിൽ കൂടുതലായി ഇപ്പോൾ ഒന്നും പറയാനില്ല.

Shri A. Thanu Pillai: I press my amendment.

The amendment was put and declared lost.

Shri A. Thanu Pillai: I demand a poll.

A poll was taken when the House divided as follows:

Ayes—34.

1. Shri T. V. Thomas.
2. „ C. Achyutha Menon.
3. „ Chengarappalli P. Narayanan Potti.
4. „ A. Thanu Pillai.
5. „ M. M. Abdul Khader.
6. „ T. A. Majeed.
7. „ C. C. Ayyappan.
8. „ P. S. Nataraja Pillai.
9 „ A. Achyuthan.
10. „ E. Gopalakrishna Menon.
11. Shrimati K. R. Gouri.
12. Shri R. Gangadharan.
13. „ K. Kuttappan.
14. „ C. Sankar.
15. „ P. Bhaskaran Nair.
16. „ P. Govinda Pillai
17. „ Kambisseril Karunakaran.
18. „ K. V. Krishnankutty Warrier.
19. „ T. K. Krishnan.
20. „ K. K. Kumara Pillai.
21. „ N. Nilakantaru Pandarathil.
22. „ Kochukunju.
23. Dr. N. S. Pillai.
24. Shri A. Samraj.
25. „ T. S. Ramaswami.
26. „ K. J. Thomas.
27. „ E. P. Varghese.
28. „ E. Krishnan Nair.
29. „ N. Rajagopalan Nair.
30. „ Ramakrishnan.
31. „ P. Ravindran.
32. „ V. Sreedharan.
33. „ R. Sugathan.
34. „ C. K. Viswanathan.

Noes—43.

1. Shri K. P. Krishna Menon.
2. „ O. C. Ninan.
3. „ V. R. Krishnan Ezhuthassan.
4. „ N. P. Varghese.
5. „ Nedumangad R. Kesavan Nair.
6. „ A. Chidambaranatha Nadar.
7. „ T. M. Varghese.
8. „ A. J. John.
9. „ Kalathil Velayudhan Nair.

10. Shri K. Kochukuttan.
11. ,, V. Madhavan.
12. ,, Anthonie Andrew Daniel Luiz.
13. ,, T. T. Kesavan Sastri.
14. ,, K. Karunakaran.
15. ,, Cheriyan J. Kappan.
16. ,, Alexander Parambitharayil.
17. ,, M. V. Cheriyan.
18. ,, A. K. Chelliah.
19. ,, K. K. Chellappan Pillai.
20. ,, K. M. Chandy.
21. ,, G. Chandrasekhara Pillai.
22. ,, A. C. Chacko.
23. ,, K. Bhanu.
24. ,, K. K. Ayyappan.
25. ,, K. I. Velayudhan.
26. ,, Vasudevan Pillai.
27. ,, P. Sadasivan Pillai.
28. ,, P. Ramaswami Pillai.
29. ,, N. A. Noor Muhomad.
30. ,, M. William.
31. Dr. P. T. Thomas.
32. ,, M. Sivaraman Nair.
33. Shri A. M. Simon.
34. ,, R. Ponnappa Nadar.
55. ,, Pareed Rowther.
36. ,, R. Kesava Pillai.
37. ,, C. Kesavan.
38. ,, Joseph Vazhapilli.
39. ,, A. L. Jacob.
40. ,, K. M. George.
41. ,, Ganapathi.
42. ,, A. Eachara Menon.
43. ,, S. G. Deviappan.

Neutral —1.

1. ,, A. Kunjan Nadar.

The amendment was lost.

Shri P. Sadasivan Pillai: I rise to a point of order. After the division bell has been rung can a Member enter the hall ?

Mr. Speaker: That is not going to affect the result of this poll materially.

The question that clause 6 stand part of the Bill was put and carried.

The Clause was added to the Bill.

Clauses 7, 8 & 9.

The question that Clauses 7, 8 & 9 stand part of the Bill was put and carried. Clauses 7,8 & 9 were added to the Bill.

Clause 10.

Shri M. M. Abdul Khader: Sir, I move that Chapter II, Section 10, may be deleted.

This section provides for wide executive powers to supersede or abolish the Board. Here we are instituting a board which would consist of at least three members from this House, and according to Section 3, (2) the majority of the members would be non-officials. Sir, I cannot conceive of such a board persistently making default in the performance of duties.

Another ground stated in the section is the opposite of this. Whareas the section at one place expects persistent default of the duties, it also, at the same time, expects that the board might exceed or abuse its powers. Such a contingency is also very, very remote so far as we can see.

I consider, Sir, that this section would give a handle to the executive to supersede or abolish a board which is intended to control the State aid to industries, by merely alleging excess or abuse of powers. And then what this section seeks to do after abolishing the board is even more offensive. The section states that in such a contingency, (which itself is very, very remote) the board would be abolished and bureaucratic control given to an official. I cannot understand how a democratic Government could come forward and say that a bureaucrat will better exercise powers than a board which consists of a majority of non-officials, and some of them members of this House. Therefore, Sir, I move the amendment and press it for the acceptance of the House,

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ബോർഡിന്റെ പ്രവർത്തനത്തിൽ ഇപ്രകാരമുള്ള സന്ദർഭങ്ങൾ ഉണ്ടാകുമെന്നു സംശയിച്ചുകാണുന്നു. മുനിസിപ്പൽ ആക്ടിലും സിററി കാർപ്പറേഷൻ ആക്ടിലും ഇപ്രകാരമുള്ള നിയമങ്ങളുണ്ട്. ഈ സഭയുടെ നിയമത്തിൽത്തന്നെ ഈ മാതിരിയിലുള്ള വ്യവസ്ഥകളുണ്ട്. ഡെമോക്രാററിക് സംപ്രദായം അനുസരിച്ചുള്ള ഭരണഘടനയിലും ഇങ്ങനെയുള്ള നിയമങ്ങളുണ്ട്. ഈ മാതിരി നിയമങ്ങൾ അപൂർവ്വമായിട്ടേ പ്രയോഗിക്കേണ്ടിവരികയുള്ളൂ. അതുകൊണ്ട് ചുരുക്കമായിട്ടെങ്കിലും അപ്രകാരം ബോർഡിന്റെ പ്രവർത്തനത്തിനു തടസ്സം ഉണ്ടാകുകയാണെങ്കിൽ ഇപ്രകാരമുള്ള ഒരു വ്യവസ്ഥ അത്യാവശ്യമാണ്. ഏതെങ്കിലും കാരണങ്ങളാൽ ബോർഡും ഗവണ്മെന്റുമായി അഭിപ്രായവ്യത്യാസമുണ്ടാകുക, ബോർഡ് പ്രവർത്തിക്കാതിരിക്കുക, ഉള്ള അധികാരത്തിൽ കൂടുതൽ എടുക്കുക ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ ബോർഡ് അവസാനിപ്പിച്ച് മറെറാരു ബോർഡ് കാൺസ്റ്റിററ്യൂട്ട് ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യാനുള്ള അധികാരം ഗവണ്മെന്റിന് ഉണ്ടായിരിക്കേണ്ടതാണ്. ഞാൻ ഈ കാരണങ്ങൾ കൊണ്ട് ഭേദഗതിയെ എതിർക്കുന്നു.

Shri M. M. Abdul Khader: I press my Amendment.

The amendment was put and lost.

The question that Clause 10 stand part of the Bill was put and carried.

Clause 10 was added to the Bill.

Clause 11.

Shri M. M. Abdul Khader: Sir,

I move that in Chapter III, Section II (1) (a) proviso, substitute 'one half' for 'the prescribed percentage'.

The object of the amendment is obvious. It is to put a control on the grant of State aid. Otherwise it may lead to this, that State aid may be granted recklessly and favourtism and such other undue influences would come to play. And I am particularly impelled to bring forward this amendment, in the light of the manner in which State aid has been granted to industries by this Government in previous years.

Another factor why I press this amendment is that we have seen how shy Government has been fighting about making the majority of the members of the board elected from this House. That lends a good deal of suspicion and it also leads us to the belief that in the future also, State aid to industries would be abused as hitherto.

Shri E. P. Varghese: Sir, I also support the amendment moved by the hon. Member. The proviso to the section says: "Provided that no such loan shall exceed the prescribed percentage of the net value of the assets of the industry to which it is granted after deducting all encumbrances thereon existing at the time when the application for the loan is made such value being ascertained by the Director in the prescribed manner." The amendment goes to say that only half the net value of the assets shall be advanced as loan. Generally, when the loan is advanced, the repyament takes a long time. Meanwhile, there may be de-terioration in the assets of the industry. So, to safeguard the loan, it may be necessary that the loan should not be to the full percentage of the net value of the assets. If the loan is advanced on the full percentage of the net value of the assets, there is a chance of Government losing the money thereby incurring a loss. It is only a safeguard that is sought by the amendment in fixing the amount at half the net value of the assets. I think the amendment will commend itself to the House. After all, we are lending money to industrial concerns in the beginning stage. The loan must be sufficiently secured. I do not think Government ever makes a loan to the extent of the net value of the assets; for example the agricultural loans, where they do not go up to the net value of the assets, but a certain margin is left for the chance of some loss or deterioration happening to the assets. I think some margin should be left and loan to the full net value of the assets should not be granted.

12 Noon]

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഈ ഭേദഗതിയെയും ഞാൻ എതിർക്കുന്നു. ഈ ലോൺ കൊടുക്കുന്നതു് എത്ര പെർസെന്റേജിനെ അടിസ്ഥാനപ്പെടുത്തിയാണു് എന്നുള്ളതിനു് ഗവണ്മെന്റിനു് ഒരു വ്യവസ്ഥ വേണമെന്ന തത്വത്തെ ഞാൻ എതിർക്കുന്നില്ല. ഇപ്പോഴത്തെ നിയമത്തിൽ പറഞ്ഞിരിക്കുന്നതു് എത്ര പെർസെന്റേജു് ലോൺ കൊടുക്കണമെന്നുള്ളതിനു് ഗവണ്മെന്റു് ഒരു റൂൾ ഉണ്ടാക്കണമെന്നും അതനുസരിച്ചു് ലോണിന്റെ പെർസെന്റേജിനു വ്യവസ്ഥ ചെയ്യണമെന്നുമാണു്. ഈ ആക്ടിൽ അതിനു വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതു പല കുഴപ്പങ്ങൾക്കും ഇടയാകും. അതുകൊണ്ടു് റൂൾസു് അപ്പപ്പോൾ ഉണ്ടാക്കുന്നതിനും പ്രത്യേക വ്യവസായത്തിനു ലോൺ കൊടുക്കേണ്ട ആവശ്യകതയെ പരിഗണിച്ചു് ആ റൂൾസിൽത്തന്നെ ഭേദഗതി വരുത്തുന്നതിനും ഗവണ്മെന്റിനു് അധികാരം ഉണ്ടായിരിക്കേണ്ടതാണു്. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. എ. താണുപിള്ള: പെർസെന്റേജു് എന്തു ബേസിസ്സിലാണു് ഗവണ്മെന്റു് ഫിക്സു് ചെയ്യുവാൻ പോകുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓരോ പ്രത്യേക വ്യവസായത്തെയും അതിന്റെ സ്വത്തിനേയും അടിസ്ഥാനപ്പെടുത്തിയായിരിക്കും ലോണിന്റെ പെർസെന്റേജു് ഫിക്സു് ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള: പ്രിസ്ക്രൈബ്ഡ് പെർസെന്റേജ് എന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്. പെർസെന്റേജു് ഫിക്സു് ചെയ്യുന്നതു് ഗവണ്മെന്റു് ഉണ്ടാക്കുന്ന റൂൾസു് അനുസരിച്ചായിരിക്കുമല്ലോ. ഇന്നയിന്ന വ്യവസായത്തിനു് ഇത്ര പെർസെന്റേജ് എന്നു് ഗവണ്മെന്റു് ഫിക്സു് ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഓരോ വ്യവസായത്തിനും ഓരോ ക്ലിപ്ത പെർസെന്റേജു് ഫിക്സു് ചെയ്തിട്ടില്ല. അതു് ലോൺ കൊടുക്കുന്നതിനു് റൂൾസു് ഉണ്ടാക്കുന്ന സമയത്തു് ആലോചിച്ചു ചെയ്യുവാനേ നിവൃത്തിയുള്ളൂ. പ്രത്യേകമായ ഒരു ഇൻഡസ്ട്രിക്ക് പ്രത്യേകമായ പെർസെന്റേജ് ഫിക്സു് ചെയ്യേണ്ടിവരും. അതു് റൂൾ ഉണ്ടാക്കുന്ന സമയത്തു് ആലോചിച്ചു ചെയ്യുവാനേ പാടുള്ളൂ.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ഗവണ്മെന്റിനു് അതിനെപ്പറ്റി ഒരു ഐഡിയായും ഇല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

Shri E. P. Varghese: Is the percentage the maximum net value of the assets ?

Shri Kalathil Velayudhan Nair: The proviso says that the loan may go up to the net value of the assets.

Shri E. P. Varghese: What I contend is that it is not safe to make a provision that the loan may go up to the full net value of the assets. There should be some margin left.

Shri Kalathil Velayudhan Nair: That will be considered at the time of framing the rules.

Shri P. S. Nataraja Pillai: Sir, may I speak one or two words?

Mr. Speaker: We have already closed the discussion on the motion. The reply too is over.

Shri M. M. Abdul Khader: Can the Minister give an assurance that the loan will not be more than the net value of the assets, say 500 or 600 per cent ?

Shri Kalathil Velayudhan Nair: I can't give an assurance like that.

Shri P. S. Nataraja Pillai: May I know from the hon. Minister in charge whether for the different industries enumerated in clause 12, different considerations will weigh with the Government in the matter of granting of loans ?

Shri Kalathil Velayudhan Nair: It may be necessary for giving different considerations for different industries.

Shri A Thanu Pillai: Is the Minister in a position to tell the House just the percentage of the net value of the assets of an industry on which loans have been given till now ?

Shri Kalathil Velayudhan Nair: I am not in a position to say that now.

The amendment was, by leave, withdrawn.

Shri M. M. Abdul Khader: Sir, I move the following amendment:

In Chapter III, Section 11 (1) (a) proviso, after " repayable within a period not exceeding twenty years ", add "in equal annual instalments ".

This is also like the previous amendment intended to prevent abuses. Here, Sir, according to the section, loans, are made repayable after a very long period which may extend to twenty years, and in the case of loans repayable in instalments this period may be even much longer, and we do not know what would happen after this 20 years, how the company is going to progress. And if we look back into the history of State aid granted by this Government, we know how loans even to the tune of crores have been later on found to be irrecovarable and converted into shares, as in the case of the F. A. C. T. and so forth. Therefore, if the loans granted are made repayable in annual instalments, it would not be harsh on the industry, while at the same time it would make for more prompt repayments and would avert losses to the State. Therefore, I move the amendment.

Shri Kalathil Velayudhan Nair: Sir, I oppose this amendment. If the repayment is to be in equal instalments, every instalment must be an equal amount, and repayment in equal instalments may work hardship on particular industries. For instance, in the case of a particular industry, it may be that in the first year after payment of the loan, the industry may

not be able to pay the equal instalment as contemplated by the amendment. It may be that after two or three years, the company may be able to repay the full instalment in certain industries, and it may be that more amounts may be repaid in the course of one or two years. So, to fix the instalment in the Act is not wise, but it may be done in the rules. So, I oppose the amendment.

Shri M. M. Abdul Khader: I do not press the amendment.

The amendment was, by leave, withdrawn.

The question that clause 11 stand part of the Bill was put and carried.

The clause was added to the Bill.

Clause 12.

Shri N. Rajagopalan Nair: Sir, I move the following amendment:

> In sub-clause (v) to part (a) of Section 12, substitute the words 'Board of Industries' instead of 'Government'.

The section as it is, reads thus: "State aid may be given by the Government or on behalf of the Government, by any authority prescribed in that behalf—to

(v) such other industrial concerns as in the opinion of the Government deserve State aid to be given in conformity with the provisions of this Act".

I want to substitute the words "Board of Industries" instead of 'Government'. Because, if you go to Section 13, you can know the general spirit of this Bill. By the amendment it will come to this. State aid can be given only to industries recommended by the Board of Industries. As the clause is at present worded, it is not necessary that Government should grant aid to all industries for which aid is recommended by this Board. So, Government would have full control to see that their orders are final. And if the Government is to think that other industries are industries which should be aided by this Government without the recommendation coming through the Board, that is not advisable according to the general spirit of this Act. In section 13 it is stated—"If the Board at the meeting is of opinion that any application should not be granted, that application shall be deemed to have been rejected and no further action shall be taken on that application". Then comes "In all other cases the Director shall submit to the Government the application and the opinion of the Board and all the connected papers together with such remarks, if any, as he has himself to make". Then the Government will pass final orders on that. The spirit of the Bill is this. Aid shall be given only to industries recommended by the Board. The Government as they think fit, may or may not sanction such recommendations. According to this section any other industrial concern which according to the opinion of the Board does not deserve state aid can be granted aid by Government. That is not advisable according to the general spirit of the Act. The word "Government", there is against the spirit of the Act. I hope this amendment will be accepted by this House.

Shri Kalathil Velayudhan Nair : Sir, I oppose the amendment. The spirit of the Bill requires that the final decision should vest with the Government. If that power is taken away, Government will not be able to extend the aid to any industry which in the opinion of the Government deserves aid. It will also be more reasonable that such power is vested in the Government instead of the Board. The final decision is vested in this section with Government and therefore it is in keeping with the spirit of the Act itself. So, I oppose the amendment.

Shri N. Rajagopalan Nair : If the Government finds that one industry deserves State aid, will that be considered by that Board ?

Shri Kalathil Velayudhan Nair : Yes. If the Government finds that any industry deserves aid, the opinion of the Board will be taken. Government may or may not grant the aid. All the applications will be placed before the Board for consideration. But that should not prevent Government from deciding apart from the advice given by the Board in regard to a particular industry.

Shri P. S. Nataraja Pillai : May I know from the Member whether the words "Subject to the provisions of this Act' control the whole section.

Shri Kalathil Velayudhan Nair : That is a matter of interpretation.

Shri E. P. Varghese : May I know whether the idea underlying this is that any state-aid would be given to any industry without reference to the Board ?

Shri Kalathil Velayudhan Nair : No.

Shri E. P. Varghese : Am I to take it that the underlying idea is that any aid would be given only after the Board is consulted?

Shri Kalathil Velayudhan Nair : That is the normal thing. But there is provision which enables Government to give aid to any industry independently of the Board.

Shri A. Thanu Pillai : Where is it ?

Shri Kalathil Velayudhan Nair : That was the interpretation put by the mover of the amendment and that was the reason why the amendment was brought in.

Shri A. Thanu Pillai : What is the opinion of the mover of the Bill ?

Shri Kalathil Velayudhan Nair : The opinion of the mover of the Bill was that the loan can be given only in conformity with the provisions of this Act.

Shri A. Thanu Pillai : In conformity with the provisions, is it not incumbent to refer every application to the Board ?

Shri Kalathil Velayudhan Nair : If that is the interpretation of the honourable member, he can have it.

Shri E. P. Varghese : Does not this clause give the Government the power ?

Shri Kalathil Velayudhan Nair : Both of them are lawyers. They can take their own views of the matter.

Shri. E. P. Varghese: The spirit of the Act itself is that there must be a Board of Industries and hereafter loans to industries should be granted after consultation with the Board. If the Government is to advance loans without consulting this Board it is enough that a provision is made in the Budget under the Head "State Aid to Industries." If Government wants to act upon the spirit of the Act, I think G overnment should not try to make a provision enabling them to act outside the scope of this Act.

Shri Kalathil Velayudhan Nair: That will not be against the spirit of the legislation but that will only be in keeping with its spirit.

Shri A. Thanu Pillai: May I know from the hon. Minister whether he has read clause 13 of the Bill which reads as follows:—

"13. (1) Applications for State aid shall be made to the Director in such manner and shall contain such particulars as may be prescribed.

(2) The Director shall make such inquiries, if any, as are prescribed by the Government and such other inquiries as he thinks are necessary on every such application.

(3) Every application shall thereafter be placed with the remarks of the Director together with all the connected papers before the Board at a meeting for its opinion.

(4) If the Board at the meeting is of opinion that any application should not be granted, that application shall be deemed to have been rejected and no further action shall be taken on that application.

(5) In all other cases the Director shall submit to the Government the application and the opinion of the Board and all the connected papers together with such remarks if any, as he has himself to make."

From this am I right in saying that all applications will go before the Board?

Shri Kalathil Velayudhan Nair: They will go to the Board. But, here different interpretations are given by hon. Members Shri Thanu Pillai and Shri Varghese both of them being eminent lawyers.

The amendment was, by leave, withdrawn,

Shri M. M. Abdul Khader: Sir, I move:

"In Chapter III, Section 12, proviso, after '(a) the company is registered in India with a rupee capital", add

"(b) more than three fourths of the value of shares are and continue to be owned by the subjects of this State; and

(c) all the Directors are Indians, the majority being of this State".

Sir, we consider that this is an important amendment. The money of the people of the State should not be frittered away in granting aid to industries sponsored by persons out of this State

[Shri M. M. Abdul Khader]

and by foreigners. There is a special reason for bringing forward this amendment because the idea is to make state aid to industries as broad-based as possible, that is, to make as many of our industries and industrialists benefit by the provisions of this legislation. But under this Act, as framed, there may arise a situation when a company sponsored by a foreigner may get crores as state aid while small-scale industries sponsored by the subjects of this State would have to languish and without any State aid. So it should be laid down by law that industries which are sponsored by foreigners should be made entirely out of bounds so far as the grant of State aid is concerned. Even if an industry is started with its entire directorate composed of Indians, it should be provided that a majority of them shall be subjects of the State. Then only, Sir, there will be effective control over the industry by our Government. It is also necessary in order to make State aid as broad as possible that State aid should be given to such industries which are owned and controlled by the people of this State.

Shri Kalathil Velayudhan Nair : That is why the words "this State" were used?

Shri M. M. Abdul Khader : Yes, of course. I know we are legislating only for this State. It is quite likely that a company may be floated with the requisite capital here which ultimately may be transferred over to foreigners. To prevent such contingency I suggest that the major portion of the shares say, not less than 3|4 shall continue to be owned by the people of the State. With these words I commend my amendment for the acceptance of the House.

Shri Kalathil Velayudhan Nair: Sir, I am opposing this amendment. According to the Indian Constitution no distinction could be made between the subjects of this State and the rest of India. No definition has been given to the subject of a state. So it is not possible to make any distinction. There is another difficulty also. The Rare Earths Ltd. is a company the majority of the directorate of which are not subjects of this State. The shares are owned by the Central Government and this Government. If this amendment is accepted it will be impossible to give loans to that company. I submit, therefore, that this amendment cannot be accepted. I oppose this amendment.

Shri M. M. Abdul Khader : Sir, I press the amendment.

The amendment was put and lost.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഞാൻ ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ഈ അമെൻഡ്മെന്റ്. ശ്രീ. അബ്ദുൽ ഖാദർ അവതരിപ്പിച്ച ഭേദഗതിയുടെ ഒരു ഭാഗമാണ്. എന്റെ അമെൻഡ്മെന്റ് ഇതാണ്:

"In Section 12, delete in part (b) of the proviso, the whole sentence begining with "the company" and add "the company's Board of Directors are all Indians."

ഈ ഭേദഗതി കൊണ്ടു് ഞാൻ ഉദ്ദേശിക്കുന്ന ഒന്നു രണ്ടു കാര്യങ്ങൾ താഴെ പറയുന്നു. സർ, നമ്മുടെ നാട്ടുകാർ നടത്തുന്ന വ്യവസായസ്ഥാപനങ്ങൾ എല്ലാംതന്നെ അധഃപതിച്ചുകൊണ്ടുവരുന്ന ഒരു കാലഘട്ടമാണിതു്. അതുകൊണ്ടു് ഗവണ്മെന്റിൽ നിന്നും വല്ല ധനസഹായവും ചെയ്യുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് നാട്ടുകാരുടെ വ്യവസായസ്ഥാപനങ്ങൾക്കായിരിക്കണമെന്നുള്ളതാണു് എന്റെ പ്രധാന ഉദ്ദേശം. അതിനു വേറെ ഒരു കാരണം ഉണ്ടു്. നാട്ടുകാരുടെ വ്യവസായസ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ നാട്ടിൽ തന്നെയാണു് ചെലവഴിയുന്നതു്. വിദേശങ്ങളിൽ ഇവയ്ക്കു ശരിയായ മാർക്കറ്റു് ഉണ്ടാകാൻ തക്കവണ്ണം സാദ്ധ്യതകൾ നമുക്കു് ഇല്ലാത്തതുകൊണ്ടു് ആ സാധനങ്ങൾ എല്ലാം തന്നെ നാട്ടുകാരാണു് വാങ്ങുന്നതു്. അതേ അവസരത്തിൽ വിദേശികൾ നടത്തുന്ന വ്യവസായശാലകളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ എല്ലാം നാട്ടിന്റെ നന്മയ്ക്കുവേണ്ടിയാണെന്നു പറയാൻ നിവൃത്തിയില്ല. പുറംരാജ്യങ്ങളിൽ അവയ്ക്കു് നല്ല മാർക്കറ്റു കിട്ടുന്നുണ്ടു്. ഉദാഹരണമായി പറയുകയാണെങ്കിൽ പുനലൂർ പേപ്പർ മില്ലുതന്നെ എടുക്കുക. നമ്മുടെ രാജ്യത്തു് സ്ഥാപിച്ചിരിക്കുന്ന ഈ വ്യവസായശാലയിലുണ്ടാക്കുന്ന കടലാസുകൾ മുഴുവനും നമ്മുടെ ആവശ്യത്തിനുകൂടെ തരാതെ വിദേശങ്ങളിലേയ്ക്കു് അയയ്ക്കുകയാണു ചെയ്യുന്നതു്. വിദ്യാർത്ഥികൾ കടലാസിന്റെ ദൗർല്ലഭ്യംമൂലം വളരെ പ്രയാസപ്പെടുന്നു. ഗവണ്മെന്റിനും ആവശ്യമുള്ള കടലാസ്സു് ഈ മില്ലിൽനിന്നും ലഭിക്കുന്നില്ല. അതേ അവസരത്തിൽ അവിടെയുണ്ടാക്കുന്ന കടലാസ്സിൽ ഭൂരിഭാഗവും പുറത്തയയ്ക്കുകയാണു്. നമ്മുടെ നാടിന്റെ ആവശ്യത്തിനനുസരിച്ചുള്ള അവരുടെ ഉൽപ്പാദനം. അവരുടെ തന്നെ മററു മില്ലുകൾക്കാണു് അവർ കടലാസ്സു നിർമ്മിക്കുന്നതു്. ഇങ്ങനെ വിദേശസ്ഥാപനങ്ങളെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ നാട്ടുകാരുടെ നന്മയെ അല്ല അവർ മുഖ്യമായി കണക്കാക്കുന്നതു്. ജപ്പാനിൽനിന്നും അമേരിക്കയിൽനിന്നും ഇംഗ്ലണ്ടിൽ നിന്നും ആളുകളെ വരുത്തി അവർക്കു നാനാവിധത്തിലുള്ള സുഖസൗകര്യങ്ങളും നൽകി ഓരോ കമ്പനിയുടേയും മാനേജരന്മാരായിട്ടു് അവരോധിക്കുകയാണു് ചെയ്യുന്നതു്. ഇങ്ങനെ വിദേശമൂലധനം മുടക്കി നടത്തുന്ന വ്യവസായത്തിനും സ്വദേശമൂലധനം മുടക്കി നടത്തുന്ന വ്യവസായത്തിനും ആളുകളെ ഇറക്കുമതി ചെയ്തു് മുഴുവൻ ഉത്തരവാദിത്വവും അവർക്കു വിട്ടുകൊടുക്കുന്നു. ഈ സെക്ഷൻ ഇതേപടി നിൽക്കുകയാണെങ്കിൽ വിദേശികളുടെ സ്വന്തം പണം മുടക്കിത്തന്നെ ഇൻഡ്യാക്കാരെക്കൊണ്ടു് ഷെയർ വാങ്ങിപ്പിച്ചു് പേരിനുവേണ്ടി ഡയറക്ടർ ബോർഡിൽ വയ്ക്കാൻ വിദേശികൾക്കു കഴിയും. ഇതിന്റെ ഫലമായി നാട്ടിനോ നാട്ടുകാർക്കോ ഉപയോഗപ്രദമായ വിധത്തിൽ പ്രവർത്തിക്കുന്നില്ലെന്നു മാത്രമല്ല, വിദേശികളായ ഇവർക്കു് നാട്ടുകാരെ ചൂഷണം ചെയ്തു് കൊള്ളലാഭമടിക്കുന്നതിനുള്ള വഴിയുണ്ടാക്കിക്കൊടുക്കുകയാണു് ചെയ്യുന്നതു്. അങ്ങനെ നമ്മുടെ നാട്ടിൽനിന്നും വ്യവസായസ്ഥാപനങ്ങൾമൂലം കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനങ്ങൾ അന്യരാജ്യങ്ങളിലേയ്ക്കു് കടത്താൻ ഗവണ്മെന്റു കൂടി അനുകൂലിച്ചുകൊണ്ടിരിക്കുകയാണു്. ഇതിനും പുറമെ വിദേശകമ്പനികൾക്കു് സഹായധനം കൂടി കൊടുക്കുകയാണെങ്കിൽ എത്രത്തോളം നാട്ടുകാരുടെ വ്യവസായസ്ഥാപനങ്ങൾ പുരോഗമിക്കുമെന്നുള്ളതു് ഗവണ്മെന്റു് ചിന്തിക്കേണ്ടതാണു്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്

[ശ്രീ. എൻ. രാജഗോപാലൻ നായർ]

സ്വദേശമൂലധനം മുടക്കി നടത്തുന്ന വ്യവസായസ്ഥാപനങ്ങൾക്കു വേണം സഹായധനം നൽകാൻ എന്നാണു്. അതുമാത്രമല്ല, സ്വദേശമൂലധനം മുടക്കി നടത്തുന്ന ഏതു വ്യവസായസ്ഥാപനത്തിന്റെയും ഡയറക്ടർമാർ ഇൻഡ്യാക്കാർ തന്നെ ആയിരിക്കണമെന്നും എനിക്കഭിപ്രായമുണ്ടു്. ഒരു കാരണവശാലും വേണ്ടുവോളം മൂലധനവും ശില്പസാധ്യതകളും ഉള്ള വിദേശികൾക്കോ വിദേശസ്ഥാപനങ്ങൾക്കോ നാം ധനസഹായം ചെയ്യേണ്ട ആവശ്യമില്ല. എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

12 Noon.]

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഈ ഭേദഗതി അവതരിപ്പിച്ച ബഹുമാനപ്പെട്ട മെംബറുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ നമ്മുടെയും പരമമായ ലക്ഷ്യം അതുതന്നെയായിരിക്കാം. അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിച്ച ഇൻഡ്യാക്കാരല്ലാത്തവർ നടത്തുന്ന ഒരു കമ്പനിക്കു സഹായധനം നൽകുന്നതിനുള്ള ഔചിത്യബോധത്തെപ്പറ്റി എനിക്കും അല്പം പറയുവാനുണ്ടു്. അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കുന്ന പക്ഷം ഉണ്ടാകാവുന്ന ദൂഷ്യങ്ങളെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ഉദാഹരണമായി പറഞ്ഞതും വിവക്ഷിച്ചതുമായ തരത്തിലുള്ള കമ്പനികൾക്കു് സഹായധനം നൽകണമെന്നു് നിർബ്ബന്ധമായ വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വാദം ശരിയാകുമായിരുന്നു. എന്നാൽ ഇന്ന ഇന്ന കമ്പനികൾക്കു് സഹായധനം നൽകാം എന്ന വ്യവസ്ഥ മാത്രമേ ഈ ബില്ലിൽ ഉള്ളു. അദ്ദേഹം ഉദാഹരണമായി പറഞ്ഞ പുനലൂർ പേപ്പർ മില്ലിന്റെ കാര്യം തന്നെ എടുക്കാം. അവിടെ ജോലിചെയ്യുന്ന എല്ലാവരും തന്നെ ഈ നാട്ടുകാരാണു്. അതിൽ വിദേശികളായ ഡയറക്ടറന്മാർ ഒന്നോ രണ്ടോ കണ്ടുവെന്നു വരാം. ആ വ്യവസായത്തിനു് സാമ്പത്തികമായി വല്ലതെങ്കിലും തകരാറു നേരിടുമ്പോൾ ഗവർമ്മെന്റിൽനിന്നു് സഹായധനം നൽകുന്നപക്ഷം കാര്യക്ഷമമായി പ്രവർത്തിക്കുമെന്നുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതു് വ്യവസായത്തിന്റെ രക്ഷയ്ക്കും തൊഴിലാളികളുടെ ക്ഷേമത്തിനും ആവശ്യമാണെന്നു തോന്നുന്നു. ഇപ്രകാരമുള്ള ഒരു സംഗതിയിൽ പോലും ഒരു വായ്പ നല്കുവാനുള്ള അവകാശം നിരോധിക്കയാണു് ഈ ഭേദഗതികൊണ്ടു് അദ്ദേഹം ഉദ്ദേശിക്കുന്നതു്. അതുപോലെ തന്നെ മറ്റൊരു സംഗതികൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. തിരുവിതാംകൂർ ബാങ്കിൽ ഒരു വിദേശിയൻ ഡയറക്ടരായിരിക്കുന്നതുകൊണ്ടു് ഇവിടത്തെ പണമെല്ലാം അമേരിക്ക കൊണ്ടുപോകുമെന്നുള്ള ഭയത്തിനു യാതൊരു അടിസ്ഥാനവുമില്ല. അദ്ദേഹം നമ്മുടെ ഒരു ശമ്പളക്കാരൻ മാത്രമാണു്. ചില പ്രത്യേക സാഹചര്യങ്ങളിൽ വിദഗ്ദ്ധന്മാരായ ഡയറക്ടറന്മാരെ ഉൾപ്പെടുത്തേണ്ടി വരും. നമ്മുടെ ഭാരതത്തിലെ വ്യവസായത്തിന്റെ പരിപോഷണത്തിനു വിദഗ്ദ്ധന്മാരുടെ സേവനം അവർ വിദേശീയരാണെങ്കിൽ തന്നെയും അത്യാവശ്യമാണു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പോലും ഇപ്രകാരമുള്ള വ്യവസായങ്ങൾക്കു് യാതൊരു സാമ്പത്തികസഹായവും ചെയ്യരുതെന്നു് നിരോധിക്കുന്ന ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതു് നമ്മുടെ വ്യവസായപുരോഗതിക്കു തന്നെ തടസ്സമാണു്.

ശ്രീ. ആർ. കേശവപിള്ള: കമ്മ്യൂണിറ്റി പ്രോജക്ടിനുവേണ്ടി അമേരിക്ക ധനസഹായം ചെയ്യുമ്പോൾ നാം അവരുടെ കമ്പനികൾക്കു് ധനസഹായം ചെയ്യുന്നതു് ശരിയായിരിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതു കേട്ടാൽ തോന്നും നാം അമേരിക്കക്കാർക്കു ധനസഹായം ചെയ്യുവാൻ പോകയാണെന്നു്.

ശ്രീ. ആർ. കേശവപിള്ള: അമേരിക്കക്കാർ ധനസഹായം ചെയ്യുന്ന കമ്പനികൾക്കു് ഇപ്രകാരമുള്ള സൗജന്യം വേണ്ടെന്നു വയ്ക്കുവാൻ ഗവൺമെൻറു തയ്യാറാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയുള്ള ഒരു വകുപ്പു ഈ ബില്ലിൽ ഇല്ല. ഇതു രണ്ടും രണ്ടു പ്രശ്നമാണു്. സാമ്പത്തിക സഹായം ആരുതന്നാലും നാം സ്വീകരിക്കുന്നതാണു്. വേണ്ടിവരുന്നപക്ഷം വിദേശീയർ കൂടി ഡയറക്ടർമാരായുള്ള ഒരു സ്വദേശികമ്പനിക്കു് സാമ്പത്തികമായി അവശത നേരിടുന്നപക്ഷം അതിനെ പരിഹരിക്കുവാൻ വേണ്ടി ധനസഹായം ചെയ്യുന്നതിനുള്ള വ്യവസ്ഥ മാത്രമാണു് ഈ വകുപ്പുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇതിൽ യാതൊരു ആപത്തും നമുക്കു സംശയിക്കുവാനില്ല. അക്കാരണത്താൽ ഈ വകുപ്പു് ഭേദഗതി ചെയ്യേണ്ടതില്ലെന്നാണു് എന്റെ വിശ്വാസം. എന്റെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ അദ്ദേഹത്തിന്റെ ഭേദഗതി പിൻവലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

Shri E. P. Varghese: May I know whether this Bill is based on any other Bill in other states of India ? I should like to get information on that point.

Shri Kalathil Velayudhan Nair: There are similar Bills in Madras and Bengal.

Shri E. P. Varghese: Do not the Government have sufficient foriegn technical employees as paid employees for Travancore Bank ? We do not have them in the Board of Directors. But, they are there as Managing Directors.

Shri Kalathil Velayudhan Nair: Yes, we are having them.

The amendment was put and lost.

The question that Clauses 12 and 13 stand part of the Bill was put and carried.

Clauses 12 and 13 were added to the Bill.

Clauses 14 to 18.

The question that Clauses 14 to 18 stand part of the Bill was put and carried.

Clauses 14 to 18 were added to the Bill.

Clauses 19 to 33.

Shri N. Rajagopalan Nair: Sir, I move: "in Section 19, after the words take such steps as they deem advisable, delete the word 'so'. As it is, the clause reads; "During the continuance of State aid to an industry in any of the forms specified in clauses .... etc., the Government may by appointing

[Shri N. Rajagopalan Nair]

directors or Inspectors, or otherwise take such steps as they deem advisable so to control the conduct of the Industry". I believe the hon. Minister can read the language better. We have to be fair at least to the language if not to the people. I think therefore, this amendment will be acceptable.

Shri Kalathil Velayudhan Nair: That is only a verbal change. But 'so' goes along with the words 'as to'. It is correct in law and I oppose the amendment.

Shri E. Krishnan Nair: Sir, grammatically that is a mistake.

വ്യാകരണത്തെറ്റുകൾ ഉണ്ടായിരുന്നാൽ ആ തെറ്റുകൾ പോലും പരിഹരിക്കുവാനുള്ള നിർദ്ദേശം സ്വീകാര്യമല്ലെന്നു പറയുന്നതു ശരിയാണോ ?

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u> : വ്യാകരണത്തെറ്റെന്നു പറഞ്ഞില്ല. ഇതാണ് വ്യാകരണപ്രകാരം ശരിയെന്നു പറഞ്ഞതു്.

<u>ശ്രീ. ഈ. കൃഷ്ണൻ നായർ</u> : അങ്ങനെയാണെങ്കിൽ അത്ഭുതകരമായ ഈ വ്യാകരണത്തെപ്പറ്റി എനിക്കും അല്പം സംസാരിക്കുവാനുണ്ടു്.

Mr. Speaker: But legally it is all right. That is the argument. Does the hon. Member press the amendment ?

Shri N. Rajagopalan Nair: No, Sir.

The amendment was, by leave, withdrawn.

The question that clauses 19 to 33 (both inclusive) stand part of the Bill was put and carried.

Clause 19 to 33 were added to the Bill.

Clauses 34 and 35.

The question that clauses 34 and 35 stand part of the Bill was put and carried.

Clauses 34 and 35 were added to the Bill.

Clause I.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri Kalathil Velayudhan Nair: Sir, I move that the Bill, as amended, be finally passed.

Shri K. Kochukuttan: I second it.

Shri E. P. Varghese: If it is not so emergent, I suggest that the third reading may be postponed. Some amendments have been moved.

Shri Kalathil Velayudhan Nair: Only verbal amendments have been made. There was no substantial amendment. On that account it need not be postponed. If there has been a substantial amendment it would have been different. But as it is, there seems no necessity to postpone it.

The question that the Travancore-Cochin State Aid to Industries Bill, as amended, be passed was put and carried.

The Bill was passed.

The Travancore-Cochin Maternity Benefit Bill.

Mr. Speaker: The House will now proceed to consider the Travancore-Cochin Maternity Benefit Bill.

Shri Kalathil Velayudhan Nair: Sir, I present the report of the Select Committee on the Travancore-Cochin Maternity Benefit Bill and request that the Bill as reported by the Committee be taken into consideration.

Shri K. Kochukuttan: I second the motion.

The question that the Travancore-Cochin Maternity Benefit Bill as reported by the Select Committee be taken into consideration was put and carried.

Mr. Speaker: The Bill may now be considered clause by clause.

Clause 2.

Shri M. M. Abdul Khader: Sir, I move:

In Section 2(e) (1), substitute 'twenty' for 'fifty'.

As the Preamble itself shows, this Bill is intended to prevent the employment of women in factories and plantations some time before and after confinement and also to provide for the payment of maternity benefit for them. These plantations which would fall below 50 acres would be outside the scope of this Bill. It would be quite appropriate if the limit is fixed as 20 so to give the advantage of this Bill to a wider section or to a larger number of women who would all the same be working in plantations which are less than 20 acres in extent.

Shri Kalathil Velayudhan Nair: Sir, I oppose the amendment. The Bill originally contained no provision limiting its application like this. The Select Committee has fixed the limit as 50 acres and I see no reason to deviate from that now.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ</u>: സർ, തോട്ടങ്ങൾക്ക് വേണ്ടി അനുവാദം വാങ്ങിയിട്ടുള്ള ഏക്കറേജിൽ വളരെ കൂടുതലായിട്ടാണ് മിക്ക തോട്ടക്കാരും ഇപ്പോൾ പ്ലാന്റേഷൻ നടത്തിവരുന്നത്. പത്തേക്കർ പ്ലാന്റ് ചെയ്യുവാൻ അനുവാദം വാങ്ങിച്ചിട്ടുണ്ടെങ്കിൽ ആ ഉടമസ്ഥൻ ൧൦-ം ൨൦-ം ഏക്കർ സ്ഥലം പ്ലാന്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം ൧൦൦-ം ൨൦൦-ം ഏക്കർ ഇപ്പോൾ പ്ലാന്റേഷൻ നടത്തിയിട്ടുള്ള തോട്ടം ഉടമകൾക്ക് യഥാർത്ഥത്തിൽ അനുവാദം ലഭിച്ചിരിക്കുന്നത്

[ശ്രീ. എൻ. രാജഗോപാലൻ നായർ]

വളരെ കുറച്ചു ഏക്കറുകൾ മാത്രമായിരിക്കും. അതുകൊണ്ട് യഥാർത്ഥത്തിൽ എത്ര ഏക്കർ പ്ലാന്റ ചെയ്തിട്ടുണ്ടെന്ന് ശരിയായി അന്വേഷണം നടത്തി വിസ്തീർണ്ണം ക്ലിപ്തപ്പെടുത്തുവാനുള്ള നടപടി ഗവൺമെന്റ സ്വീകരിക്കേണ്ടതാണ്. അത് ഈ ഭേദഗതിയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ തന്നെ ചെയ്യേണ്ട ഒരു നടപടിയാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: യഥാർത്ഥത്തിൽ പ്ലാന്റ ചെയ്തിട്ടുള്ള വിസ്തീർണ്ണമായിരിക്കും ഇക്കാര്യത്തിൽ നിശ്ചയിക്കുന്നത്. അതുകൊണ്ട് മെമ്പർ ഉന്നയിച്ച പ്രകാരമുള്ള കുഴപ്പങ്ങൾ ഉണ്ടാകയില്ല.

Shri N. Rajagopalan Nair: Who is to decide that ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൫൦ ഏക്കർ യഥാർത്ഥത്തിൽ പ്ലാന്റ ചെയ്തിട്ടുണ്ടെങ്കിൽ അവിടെ തൊഴിലാളികൾക്ക് നിശ്ചയമായും മെറ്റേർണിറ്റി ബെനിഫിറ്റ് ലഭിക്കുന്നതാണ്.

Shri N. Rajagopalan Nair: That is not my question. who is to see that the actual acreage is more than fifty ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത് അവിടത്തെ തൊഴിലാളികൾക്ക് പറയാവുന്നതാണ്.

Shri N. Rajagopalan Nair: So, somebody will have to enquire and make the final decision. Is there any person to do that duty?

Shri Kalathil Velayudhan Nair: Just as in all matters there is an authority to decide, this will also be decided.

Shri M. M. Abdul Khader: There is no authority provided.

Mr. Speaker: There is the Inspector under the Act. Do you press the amendment ?

Shri M. M. Abdul Khader: No, Sir.

The amendment was by leave withdrawn.

Shri M. M. Abdul Khader: I move :

In section 2 (e) (2), substitute 'twenty' for 'fifty'.

The purpose of this amendment is also the same as the previous one. According to the Factory Act as you know an industry which engages ten or more persons would be classified as a factory. In such cases the women working in such factories would be entitled to maternity benefit. It would be harsh and inequitable to provide under this Act that only women labourers working in such plantations which are fifty acres or more in extent or in which fifty or more persons are employed, alone would be eligible for this maternity benefit. I certainly cannot see any reason why they have increased the number of persons working in plantations five fold. This is virtually depriving the women labourers engaged in plantations of this benefit where it is available to women labourers in factories which engage ten or more labourers. Sir, as a matter of fact, we all know that it is the plantations, the tea, cardamom and other plantations that employ a greater number of women labourers than the factories. I have amended that the minimum number

may be twenty because I know that the Minister will certainly allege certain peculiar conditions existing in agriculture and plantations. It is in recognition of these peculiar conditions that I have increased the number, doubled the requisite minimum as compared with the factories. I would request Government to accept this amendment, in order that the object of this Bill may really serve the female labour in plantations.

Shri Kalathil Velayudhan Nair: I oppose this amendment. It was only after careful consideration that the number was fixed as fifty. The Member himself agrees that there is some peculiar conditions in plantations. That is why I oppose this amendment.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഈ ൫൦ ഏക്കർ ഭൂമി റബ്ബർ പ്ലാന്റേഷൻ നടത്തുന്നതിന് എത്ര ആളുകൾ ജോലിചെയ്യണം.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: ൫൦ ഏക്കർ എന്നു പറയുന്നതു് പതിനാറു ബ്ലോക്കുകളാണ്. ൧൬ ബ്ലോക്കുകൾ ടാപ്പു ചെയ്യുന്നതിന് കൂടിയാൽ ൧൬ പേര വേണം. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നതു് അൻപതോ അതിൽ കൂടുതലോ ആളുകൾ വേണമെന്നാണ് എന്നാൽ അൻപതു് ഏക്കർ കൃഷി ചെയ്യുന്നതിന് ൨൦ പേരിൽ കൂടുതൽ ആവശ്യമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൫൦ ഏക്കർ ഉണ്ടെങ്കിൽ അതിൽ ൧൫ പേരെ മാത്രം എംപ്ലോയ് ചെയ്താൽ മതിയെന്നാണോ മെമ്പർ പറയുന്നതു് അതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: ഈ സ്റ്റേറ്റിൽ ൫൦ പേരിൽ കൂടുതൽ എംപ്ലോയ് ചെയ്യുന്ന തോട്ടങ്ങൾ എത്രയുണ്ട് എന്നു ഗവൺമെന്റിന്റെ കണക്കുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കണക്കുകളൊന്നും ഇപ്പോൾ എടുത്തിട്ടില്ല.

The amendment was, by leave, withdrawn.

The question that Clause 2, stand part of the Bill was put and carried.

Clause 2 was added to the Bill.

Clauses 3 and 4.

The question that Clauses 3 and 4 stand part of the Bill was put and carried.

The Clauses were added to the Bill.

Clause 5.

Shri Kambisseril Karunakaran: In section 5 sub-section(1) after the word 'and that she will not work in any' delete the word 'employment', and add 'other factory or plantation.' ഇതാണ് സഭയുടെ മുമ്പാകെ ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി.

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

സർ, ഒരു സ്ത്രീതൊഴിലാളിക്ക് വ്യവസ്ഥാനുസരണമുള്ള നോട്ടീസിനുശേഷം പ്രസവാനുകൂല്യത്തിനുള്ള അവധി അനുവദിച്ചു കഴിഞ്ഞാൽ ആ സ്ത്രീ "മററു യാതൊരു വേലയ്ക്കും" പോകാൻ പാടില്ലെന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. യഥാർത്ഥത്തിൽ ഇങ്ങനെയൊരു വിവക്ഷ ഗവർമ്മെൻറിനു തന്നെയുമുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനകത്തു, ബഹുമാനപ്പെട്ട മെംബർ ടി. ടി. കേശവൻ ശാസ്ത്രിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, അതിവ്യാപ്തി എന്നൊരു നൈയായിക ദോഷമുണ്ട്. അതായതു് നാം പ്രതീക്ഷിക്കുന്ന തരത്തിലല്ലാത്ത ചില സംഗതികളിലേക്കു കൂടി അതിൻെറ വ്യാപ്തി കടക്കാൻ ഇടയാകുകയും, തന്മൂലം എംപ്ലോയർക്കു അനാവശ്യമായ കൂടുതൽ സൗകര്യം ലഭിക്കുന്നതിനിടയാകുകയും ചെയ്യും. ഫാക്ടറിയിലോ തോട്ടത്തിലോ വേലചെയ്യാൻ പാടില്ലെന്നുള്ളതായിരിക്കും ഇതു മൂലം ഗവർമ്മെൻറിൻെറ വിവക്ഷ. പക്ഷെ "Employment" എന്നു ചേർക്കുന്നപക്ഷം അതു് അത്ര സൽബുദ്ധികളല്ലാത്ത വല്ല മുതലാളിമാർക്കും ദുർവ്യാഖ്യാനം ചെയ്യാൻ വക നൽകും. വാക്ക് ഇതാണെങ്കിൽ. സ്ത്രീ തൊഴിലാളികളെ സംബന്ധിച്ചേടത്തോളം, ഒരു ലേസു തയ്ക്കുകയോ ഒരു തഴപ്പായ് നെയ്യുകയോ ചെയ്യുകയാണെങ്കിൽ അതു് ഈ "എംപ്ലോയ്മെൻറ" എന്നതിൻെറ പരിധിയിൽ വരുന്നുണ്ട്. ചെയിംബേഴ്സ് ട്വൻറിയത്തു സെഞ്ചുറി ഡിക്ഷ്ണറിയിൽ എംപ്ലോയ്മെൻറ് എന്നതിൻെറ അർത്ഥം കൊടുത്തിട്ടുള്ളതു് നോക്കിയാൽ നമുക്ക് അതു മനസ്സിലാക്കുവാൻ കഴിയും. അപ്പോൾ ഈ "എംപ്ലോയ്മെൻറ' എന്നുള്ളതിനു പകരം, "ഫാക്ടറി ആർ പ്ലാൻേറഷൻ" എന്നു ചേർക്കുന്ന പക്ഷം അതു വളരെ വ്യക്തമായിരിക്കുകയും ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു തൊഴിലാളികൾക്ക് എന്തെങ്കിലും ദോഷം ചെയ്യണമെന്നു വിചാരിക്കാവുന്ന മുതലാളിമാർക്കു യാതൊരു സൗകര്യവും ലഭിക്കാതെ വരികയും ചെയ്യുന്നതാണ്. അതുകൊണ്ടു എംപ്ലോയ്മെൻറ എന്നുള്ള വാക്കു മാററി Factory or Plantation എന്നാക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ: മററു വകുപ്പുകളിലും ഈ വാക്കു തന്നെയാണോ ഉപയോഗിച്ചിരിക്കുന്നതു്?

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അതെ ഇവിടെ മനഃപൂർവ്വമായിട്ടല്ലായിരിക്കാം, അങ്ങനെ ചേർത്തിട്ടുള്ളതു്. ഒരു പക്ഷേ അശ്രദ്ധാമൂലമായിരിക്കാമെന്നും ഞാൻ പറയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഈ ഭേദഗതിയുടെ ആവശ്യമില്ലാ എന്നു ഈ ബില്ല സൂക്ഷിച്ചു വായിച്ചു നോക്കിയാൽ മനസ്സിലാകുമായിരുന്നു. പ്രസവാവധിയെടുക്കുന്നതിനുള്ള ഒരു ഫാറത്തിൽ എഴുതികൊടുക്കുന്ന അവസരത്തിൽ പ്രസവാവധിയിൽ പ്രവേശിച്ചുകഴിഞ്ഞാൽ, മററു തൊഴിൽ ചെയ്യരുതെന്നുള്ള ഉദ്ദേശത്തോടുകൂടി സ്ത്രീ തൊഴിലാളിയുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ഇപ്രകാരം ഒരു വ്യവസ്ഥ ചെയ്തിരിക്കുകയാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആ സ്ത്രീക്കു നെയ്ത്തടിക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ആത്മഹത്യ ചെയ്യുന്നതിനു ഒരാൾക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷെ അതു കുററകരമാണെന്നു ഗവണ്മെൻറ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതു നിയന്ത്രിക്കേണ്ടതു ഗവണ്മെൻറിന്റെ ചുമതലയാണ്. ഏതായാലും പ്രസവാനന്തര കാലത്തു സ്ത്രീകൾ ജോലി ചെയ്യരുതെന്നാണ് ഗവണ്മെൻറിന്റെ ഉദ്ദേശം. ഇങ്ങനെയുള്ള ഗവണ്മെൻറിന്റെ ആത്മാർത്ഥമായ ഉദ്ദേശത്തിന്റെ ഫലമായിട്ടാണ് ഈ ബില്ലിൽ ഇപ്രകാരം ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഇപ്രകാരം ഒരു ഭേദഗതിയുടെ യാതൊരാവശ്യവുമില്ലെന്നുള്ളതു ക്ലാസ്സ് വ്യ കൊണ്ടും കാണാവുന്നതാണ്. അതു കൊണ്ടു ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഈ ഭേദഗതിയെ എതിർത്ത മെംബർ പറയുകയുണ്ടായി, സ്ത്രീ തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കേണ്ട ചുമതല ഈ ഗവണ്മെൻറിനാണെന്നും, അതിനു ഈ ഗവണ്മെൻറിനു നിർബന്ധമുള്ളതുകൊണ്ടാണ് ഈ വാക്ക് ഈ വകുപ്പിൽ ഉപയോഗിച്ചിരിക്കുന്നതെന്നും അതു തെററാണ്. ഈ പ്രസവാനുകൂല്യത്തിനു അപേക്ഷിച്ച അവധി അനുവദിച്ചു കഴിഞ്ഞാൽ അവരുടെ ആരോഗ്യത്തിനു ഹാനിതട്ടാതെ, കൈലേസു തയ്ക്കുകയോ, തഴപ്പാ നെയ്യുകയോ, കറിക്ക അരയ്ക്കുകയോ ചെയ്യാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നതു ഒരിക്കലും അനുവദിക്കത്തക്കതല്ല. അവർ വീട്ടിലിരുന്നു ആരോഗ്യത്തിനു ഹാനികരമല്ലാത്ത വിധത്തിൽ നാലണയോ, രണ്ടണയോ, എട്ടണയോ കിട്ടത്തക്കവണ്ണമുള്ള വല്ല പ്രവൃത്തിയും ചെയ്യുന്നതിനു നിരോധിക്കേണ്ട കാര്യമില്ല.

ശ്രീ. കെ. കരുണാകരൻ: എംപ്ലോയ്മെൻറ എന്ന വാക്കിന്റെ അർത്ഥം അറിയാമോ?

ശ്രീ. എൻ. രാജഗോപാലൻ നായർ: അറിയാം. to engage the attention of, to attend to എന്നാണ്. മാത്രമല്ല, ഈ വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു വളരെ പരിശോധിച്ചു നോക്കേണ്ടതാണ്. ഈ തഴപ്പാ നെയ്ത്തു, കറിക്കരപ്പ്, ലേസ് തയ്യൽ എന്നിങ്ങനെ നാലു ചക്രം കിട്ടുന്ന തൊഴിൽ ചെയ്യുന്നതു ആരോഗ്യത്തിനു ഹാനികരമല്ല. ഇതു മററ പല സെക്ഷനിലും ബാധകമാക്കാൻ പോകുകയാണ്. ഈ സ്ത്രീ തൊഴിലാളികൾ വീട്ടിലിരുന്നു വല്ല കൈലേസും തച്ചുകൊടുത്തു നാലണ വാങ്ങുന്നതു്...............

ശ്രീ. കെ. കരുണാകരൻ: അതേ സംബന്ധിച്ച ക്ലാസ്സു വ്യ വായിച്ചാൽ മനസ്സിലാകും.

ശ്രീ. എൻ. രാജഗോപാലൻ നായർ: അതും ഞാൻ വായിച്ചു. അതുകൊണ്ടു തന്നെ എംപ്ലോയ്മെൻറ് എന്ന വാക്ക മാററി Factory or plantation എന്നാക്കേണ്ടതാണ്. മാത്രമല്ല ഈ സ്ത്രീ തൊഴിലാളികൾക്ക രാജ്യത്തിനു ഒരു പുതിയ പൗരനെ സംഭാവന ചെയ്യുന്നതിനാണ് ഈ വേതനം. അനാവശ്യമായി വ്യാഖ്യാനിച്ചു ഇതു നൽകാതിരിക്കാനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുന്നതു് മുതലാളിമാരെ സഹായിക്കയാണ്.

ശ്രീ. ആർ. കേശവൻ നായർ: എട്ടാമത്തെ വകുപ്പനുസരിച്ചു ഫാക്ടറിയിലോ പ്ലാന്റേഷനിലോ വക്കചെയ്യുന്ന സ്ത്രീകളെ മാത്രമേ ബാധിക്കുകയുള്ളു എന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. എൻ. രാജഗോപാലൻ നായർ: ഉണ്ട്. പക്ഷെ ഫാക്ടറിയിലും തോട്ടങ്ങളിലും മാത്രമല്ല, അതു ബാധകമാകാൻ പോകുന്നത്. ഈ വാക്കു വിപരീതമായി ഈ നാട്ടിലെ മുതലാളിമാർ വ്യാഖ്യാനിച്ച് തൊഴിലാളികൾക്കു ഹാനികരമായ തരത്തിൽ പ്രവർത്തിക്കുന്നതിനിടയാകും. അതുകൊണ്ട് ഈ വാക്കു മാററുന്നതിൽ യാതൊരു കുറവും കുറച്ചിലും ഉണ്ടാകാൻ പോകുന്നില്ലെന്നു മാത്രമല്ല വളരെ പ്രയോജനവും ഉണ്ട്.

The House rose for lunch at 12-30 p. m. and reassembled at 2-30 p. m. with Mr. Speaker in the Chair.

Shri E. P. Varghese: The amendment before the House under Section 5 is quite acceptable if Section 5 stood by itself, but the forfeiture clause arising from Section 5 is Section 8. There, it is made clear that "If a woman works in any factory or plantation after she has been permitted by her employer to absent herself under the provisions of Section 5, she shall forfeit her claim" etc. So, if she works after getting the exemption under Section 5, the penalty comes into effect, but only if she works in any plantation or factory. Therefore, in the light of Section 8, there is not much harm in retaining the word "employment." But it would have been perhaps clearer if instead of the word "employment" 'a factory, or a plantation' were used. So, when the word "employment" is used in Section 5, it is a little wide of the mark, and is capable of some reasonable criticism. But there is no necessity of any fear of the woman forfeiting the benefit of the maternity leave, because, if she is engaged in any cottage industry or employed in any work of repairs, etc., other than a plantation or factory the penal clause—Section 8—would apply. So, there is not much to press in that amendment.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഞാൻ ഇതിനെ എതിർക്കുന്നത് ഈ നിയമപ്രകാരം പ്രയോജനം ലഭിക്കുന്ന ആൾക്കു ഇതുകൊണ്ട് നൽകാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രയോജനം പരിപൂർണ്ണമായി ലഭിക്കരുത് എന്നുള്ള ഉദ്ദേശത്തിൽ അല്ല. നേരെമറിച്ച് അവൾക്ക് ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം പരിപൂർണ്ണമായി ലഭിക്കണമെന്ന ഉദ്ദേശത്തിലാണ് എതിർക്കുന്നത്. ഇപ്പോഴത്തെ രീതിയിൽ നിയമം ഇരുന്നാലുള്ള ആപത്ത് എന്താണെന്നു ഭേദഗതിയുടെ പ്രയോക്താവ് വിവരിച്ചു. എന്നാൽ നിയമം, അതനുസരിച്ച് ഭേദഗതി ചെയ്താൽ ഉണ്ടാകുന്ന ഭവിഷ്യത്ത് എന്താണെന്ന് ആലോചിക്കുന്നത് ഉചിതമായിരിക്കും. അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഈ മെറേറർണിററി ബനിഫിററിന് അവകാശിയായ സ്ത്രീക്ക് പ്രസവകാലാവധിയെടുക്കുന്ന അവസരത്തിൽ ഈ ആക്ററിന്റെ നിർവ്വചനത്തിൽ വരാത്ത പ്ലാന്റേഷനിലോ, ഫാക്ടറിയിലോ ജോലി ചെയ്യുവാൻ അവകാശമുണ്ടായിരിക്കും. അതായത് ൫൦-ൽ കുറഞ്ഞ ഏക്കർ ഉള്ള അതായത് ൪൯ ഏക്കർ ഉള്ള, ൪൯ തൊഴിലാളികൾ ജോലിചെയ്യുന്ന ഒരു ഫാക്ടറിയിൽ ജോലിചെയ്യുന്നതിന് അവൾക്ക് അവകാശം ഉണ്ടായിരിക്കുമെന്നാണ് പറയുന്നത്. എന്നാൽ ആക്ററിൽ പറയുന്നത് അങ്ങനെ ജോലിചെയ്യാൻ പാടില്ലെന്നാണ്. പ്രസവകാലത്തെ ആരോഗ്യത്തിനു വേണ്ടി അവധിയെടുക്കുന്ന അവസരത്തിൽ മററു തൊഴിൽശാലകളിൽ

അവരെ ജോലി ചെയ്യാൻ അനുവദിക്കുന്നതു് അവരോടു് ചെയ്യുന്ന ഒരു അനീതിയായിരിക്കും. കൂടുതൽ കൂടുതൽ പണം കിട്ടണമെന്നു് ഏതൊരാൾക്കും ആഗ്രഹം ഉണ്ടായിരിക്കുന്നതാണു്. എന്നാൽ അവരുടെ പ്രത്യേകമായ സൗകര്യത്തെ ഉദ്ദേശിച്ചാണു് അവർ ഈയവസരത്തിൽ ജോലി ചെയ്യുവാൻ പാടില്ലായെന്നു് ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

ശ്രീ. ടി. വി. തോമസ്: ഫാക്ടറികളും പ്ലാന്റേഷനും ഉള്ള വിവരണത്തിൽ ഇതു് വരുന്നില്ല. അതുകൊണ്ടു് ഇങ്ങനെ ഭേദഗതി ചെയ്യണമെന്നാണു് പറഞ്ഞതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയാണെങ്കിൽ അവർക്കു് കിട്ടണമെന്നു് നാം ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടുകയില്ല.

ശ്രീ. ടി. വി. തോമസ്: സെക്ഷൻ വൺ പറയുന്ന വിവരണം ഇതിനു ബാധകമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതു് സെക്ഷൻ വൺ മാത്രമേ ബാധകമാകുകയുള്ളു എന്നു വരികിൽ ബഹുമാനപ്പെട്ട ആലുവാ മെമ്പർ പറഞ്ഞ ഭേദഗതി സ്വീകരിക്കാതെയിരിക്കാൻ കാര്യമൊന്നുമില്ല. ഏതായാലും അങ്ങനെ ജോലി ചെയ്യുന്നതുകൊണ്ടു് ഉണ്ടാകുന്ന ദോഷങ്ങളെ തടയുന്നതിനാണു് ഈ സെക്ഷൻ ഇങ്ങനെ വച്ചിരിക്കുന്നതു്. അതുകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was, by leave, withdrawn.

Shri M. M. Abdul Khader: Sir, I move:

"Section 5 (3) be recast thus:—

"The amount of maternity benefit for one half the prescribed period of twelve weeks shall be paid upon giving notice under section 5 (1) and the balance shall be paid within forty-eight hours of the production of such proof as the Government may by rules prescribe that the woman has been confined'."

The object of this amendment is that the woman who gives notice under Section 5 (1) about four weeks before confinement must be given at least half the maternity benefit granted under the Act. This amendment is out of necessity, because as everybody would grant, a woman very near confinement, would be needing some extra money towards medical aid, etc.

In this connection, Sir, I would tell the Government that this is a principle accepted even by the Central Government in the Mines Maternity Benefit Act, which has been modified to include an amendment based on this principle in 1950. Section 8, sub-section 1 (a) of the Mines Maternity Benefit Act says: "Where a woman who is entitled to maternity benefit has given notice referred to under sub-section (2) of Section 4, the manager shall, within three days, pay to her maternity benefit for ten weeks in advance." So, Sir, this principle having been accepted by the Central Government in this Act, I hope the Government would not stand by the mere fact that the Law Department lost sight of this in drafting this Act. The Law Department obviously

[Shri M. M. Abdul Khader]

might have lost sight of this amendment, because it has been made recently by the Central Government. I hope the Government would not oppose, on that score, this amendment which is so necessary as a practical measure, in order to make the benefit made available by the Act complete and worthwhile. I hope the Government would accept this amendment.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നു. ബില്ലിലെ ഇപ്പോഴത്തെ പ്രൊവിഷൻ സെലക്റ്റ കമ്മിറ്റിയിൽ ഉൾപ്പെട്ടിയപ്പോൾ തൽക്കാലം ഇരുകക്ഷികൾക്കും ദോഷമില്ലാത്ത നടപടികൾ ഇതിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് തീരുമാനിച്ചു. അതുകൊണ്ടാണ്.ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നത്.

The amendment was put and lost.

The question that clause 5 stand part of the Bill was put and carried.

Clause 5 was added to the Bill.

Clauses 6 and 7.

The question that clauses 6 and 7 stand part of the Bill was put and carried.

The clauses were added to the Bill.

Shri Kambisseril Karunakaran: Sir, I move:

Add the following proviso to ection 8:—

> "Provided no employer shall stop or postpone payment of maternity benefit until it has been duly proved that the woman worked in any other factory or plantation during the said period. On such proof the employer can claim back the amount of maternity benefit paid to the woman. The Court shall in such circumstances recover the amount as if it were a fine and pay such amount to the employer."

സർ, സെക്ഷൻ ൮ അനുസരിച്ച് ഒരു സ്ത്രീക്ക് ഒരു മുതലാളി പ്രസവാവധി അനുവദിച്ചു കഴിഞ്ഞതിനുശേഷം, ആ സ്ത്രീ ഏതെങ്കിലും ഫാക്ടറിയിലോ പ്ലാന്റേഷനിലോ ജോലി എടുത്തിട്ടുണ്ടെങ്കിൽ, അവരുടെ പ്രസവകാലവേതനത്തിനുള്ള അവകാശം ഇല്ലാതാകുന്നതും ആ വേതനം അവർ തിരിച്ചുകൊടുക്കേണ്ടതുമാണ്. ഇതാണ് ഈ സെക്ഷനിൽ പറയുന്നത്. എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പ്ലാന്റേഷനിലോ, ഫാക്ടറിയിലോ ജോലി ചെയ്തുവെന്നുള്ള ധാരണയാൽ മാത്രം, അതായത്, ആ ധാരണ ശരിയാണെന്ന് അധികൃതമായി തീരുമാനിക്കുന്നതുവരെ വേതനം അനുവദിക്കാതിരിക്കരുത് എന്നാണ്. അതായത് ഒരു സംശയംകൊണ്ടുമാത്രം അങ്ങനെ വേതനം നൽകാതിരിക്കരുത്. നേരെമറിച്ച് ഇക്കാര്യത്തിനായി നിയമിക്കപ്പെടുന്ന ഇൻസ്പെക്ടറെപ്പോലെ ഉത്തരവാദപ്പെട്ട ആരെങ്കിലും അത് അന്വേഷിച്ച്, അത് ശരിയാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതുവരെ വേതനം കൊടുക്കാതിരിക്കരുത്. സ്ത്രീകൾക്ക് പ്രസവകാലവേതനം കിട്ടിയില്ലെങ്കിൽ പ്രസവംതന്നെ അവർക്ക് എങ്ങനെ കഴിച്ചുകൂട്ടാൻ സാധിക്കുമെന്ന് നമുക്ക് അറിയാവുന്ന

താണ്. ആഹാരം കഴിക്കാതെ ജീവിക്കാനോ ജീവനില്ലാതെ പ്രസവിക്കാനോ യതൊരു സ്ത്രീക്കും സാധിക്കുകയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇക്കാലഘട്ടത്തിൽ ജീവിതം പുലർത്താൻ ആവശ്യമുള്ള പണം അവരുടെ കയ്യിൽ ഉണ്ടായിരിക്കേണ്ടതാണ്. അതുതന്നെയാണ് ഈ ബില്ലിൻെറ ലക്ഷ്യവും. അതുകൊണ്ട് എൻെറ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, പ്രസവകാലാവധി അനുഭവിച്ചതിനുശേഷം ആ സ്ത്രീ വേറെ ഏതെങ്കിലും ഫാക്ടറിയിലോ, പ്ലാൻേറഷനിലോ ജോലി ചെയ്യു എന്നുള്ള കേവലമായ നിഗമനംമാത്രംവച്ചുകൊണ്ട് അവർക്ക് ന്യായമായി കിട്ടേണ്ട വേതനം നൽകാതിരിക്കരുത് എന്നുമാത്രമാണ്.

ശ്രീ. കെ. കരുണാകരൻ : സർ, ബഹുമാനപ്പെട്ട മെംബർ അവതരിപ്പിച്ചിരിക്കുന്ന പ്രൊവിസൊ ഈ നിയമത്തിൽ ചേർക്കുന്നതുകൊണ്ട് കഴപ്പമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഈ പ്രൊവിസൊ ഇതിൽ ആവശ്യമില്ലാത്തതാണ്. ആദ്യം ജോലി ചെയ്തിരുന്ന ഫാക്ടറിയിൽനിന്നു അല്ലെങ്കിൽ തോട്ടത്തിൽനിന്നു തുടർന്നു എല്ലാ ആഴ്ചകളിലും ശമ്പളക്രമം അനുസരിച്ച് പ്രസവകാലവേതനം കൊടുക്കണമെന്ന് ഈ ആക്ററിൽ പറഞ്ഞിട്ടുണ്ട്. ഈ പ്രൊവിസൊ എഴുതി ചേർക്കുന്നതുകൊണ്ട് ബില്ലിനു ദോഷമില്ലെങ്കിലും ഇപ്രകാരം എഴുതി ചേർക്കുന്നത് ഒരു നല്ല നടപ്പായിരിക്കയില്ല. ഇതിനു മുമ്പുതന്നെ ഇതിനെ സംബന്ധിച്ച് പല തീരുമാനങ്ങളും വിധികളും ഉണ്ടായിട്ടുണ്ട്. ഇതിൽ പറയുന്നത് വേറെ ഫാക്ടറിയിലൊ, തോട്ടത്തിലൊ ജോലി ചെയ്താൽ വേതനം നഷ്ടപ്പെട്ടമെന്നാണ്. അല്ലാത്തിടത്തോളം കാലം വേതനം തുടൎന്നു ലഭിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ലാത്തതാണ്. ഈ ഭേദഗതി പിൻവലിക്കുന്നതായിരിക്കും നല്ലതെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. കരുണാകരൻ പറഞ്ഞതിൽ കൂടുതൽ എനിക്ക് ഒന്നും ഇതിനെപ്പററി പറയാനില്ല. ഇതു് സ്വീകരിച്ചാൽ വലിയ ആപത്തുണ്ടാകും എന്ന ഭയവുമില്ല. ഇതു് ആവശ്യമില്ലാത്തതാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഞാൻ ഈ ഭേദഗതി പ്രസ്സ് ചെയ്യുന്നു.

The amendment was put and lost.

The question that clause 8, stand part of the Bill was put and carried.

The clause was added to the Bill.

Clauses 9 to 17.

The question that clauses 9 to 17 stand part of the Bill was put and carried.

Clauses 9 to 17 were added to the Bill.

Clause 1.

The question that clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri Kalathil Velayudhan Nair : Sir, I move that the Travancore-Cochin Maternity Benefit Bill be finally passed.

Shri K. Kochukuttan : I second it.

The question that the Travancore-Cochin Maternity Benefit Bill be passed was put and carried.

The Bill was passed.

The Travancore-Cochin General Sales Tax Act (Amendment) Bill.

Shri Kalathil Velayudhan Nair : With your permission, I request that one of the later items of the agenda, namely, the Travancore-Cochin General Sales Tax Act (Amendment) Bill be taken up now.

Shri M. M. Abdul Khader : I object to that motion.

Mr. Speaker : The request is put to the Chair. The question is whether I have a right to allow that. The hon. Members will realise that this is a very important measure. The Bill and other relevant papers have been already published.

Shri M. M. Abdul Khader : I am not talking about the procedure to be adopted. I have only stated my views.

Mr. Speaker : On the merits of the Bill, it will be conceded by all that this Bill is one which ought to be considered. Duty on petrol has been enhanced by the neighbouring States. The newspapers in the country contain details regarding this matter. So, I consider that as requested by the Minister, the House may take up the General Sales Tax Act (Amendment) Bill now.

Shri Kalathil Velayudhan Nair : Sir, I beg to introduce the Travancore-Cochin General Sales Tax Act (Amendment) Bill.

Shri K. Kochukuttan : I second it.

Mr. Speaker : The Bill stands introduced.

Shri Kalathil Velayudhan Nair : Sir, I beg to move that the Travancore-Cochin General Sales Tax Act (Amendment) Bill be taken into consideration.

Shri K. Kochukuttan : I second it.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഈ നിയമംകൊണ്ടു ഉദ്ദേശിക്കുന്നതു പെട്രോളിനു സെയിൽസ് ടാക്സ് ചുമത്തിയിരിക്കുന്നതു അൽപ്പം കൂടി വർദ്ധിപ്പിക്കുന്നതിനാണ്. ബഡ്ജററ അവതരിപ്പിച്ചു പാസ്സാക്കിയ ഈ ഘട്ടത്തിൽ പ്രത്യേകിച്ച് ഇപ്രകാരമുള്ള ഒരു ഭേദഗതി നിയമം അവതരിപ്പിക്കുന്നതിനുള്ള കാരണം സാധനങ്ങളുടെ വിലക്കുറവുനിമിത്തം സെയിൽസ് ടാക്സ് ഇനത്തിൽ ബഡ്ജററിൽ പ്രതീക്ഷിച്ചിരുന്നിടത്തോളം തുക ലഭിക്കുവാൻ ഇടയില്ലെന്നു കഴിഞ്ഞ ഏതാനും മാസത്തെ പരിചയംകൊണ്ടു ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടാണ്. അപ്രകാരം പ്രതീക്ഷിച്ചിരുന്ന വരവിൽ സാരമായ കുറവു വന്നാൽ ബഡ്ജററിൽ ചെലവു ചെയ്യുന്നതിനു കൊള്ളിച്ചിട്ടുള്ള സംഖ്യ

ചെലവു ചെയ്യുന്നതിനു് വൈഷമ്യമുണ്ടാകും എന്നു് ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് ഈ നിയമം അവതരിപ്പിക്കുവാൻ ഇടയായതു്. സെയിൽസ്റ്റ്രാക്സ് വർദ്ധിപ്പിക്കുന്ന തോതു അനുസരിച്ചു് നോക്കുകയാണെങ്കിൽ അതു ഇൻഡ്യയുടെ ഇതര ഭാഗങ്ങളിൽ നിലവിലിരിക്കുന്ന ടാക്സിനേക്കാൾ വളരെ കൂടുതലായ തോതിൽ വരുന്നില്ല. ഈ അടുത്ത കാലത്തു് മദ്രാസിൽ റുപ്പികയ്ക്കു നാലണയിൽനിന്നു ആറണയായി വർദ്ധിപ്പിച്ചിട്ടുണ്ടു്. ബാംബെയിൽ റുപ്പികയ്ക്കു രണ്ടണയായിരുന്ന സെയിൽസ് ടാക്സ് നാലണയായി വർദ്ധിപ്പിച്ചിട്ടുണ്ടു്. അതുപോലെ ഹൈദരാബാദിൽ റുപ്പികയ്ക്കു രണ്ടണയായിരുന്ന സെയിൽസ് ടാക്സ് നാലണയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഈ ബില്ലിൽ റുപ്പികയ്ക്കു രണ്ടര അണയായി വർദ്ധിപ്പിക്കാനെ ഉദ്ദേശിക്കുന്നുള്ളു. ഇങ്ങിനെ വർദ്ധിപ്പിച്ചാലും ഇൻഡ്യയുടെ മററു പല ഭാഗങ്ങളേയും അപേക്ഷിച്ചു് സെയിൽസ് ടാക്സ് ഇവിടെ കുറവാണു് എന്നു കാണാം. ഈ പരിതഃസ്ഥിതിയിൽ വലിയ ഒരു വാദപ്രതിവാദംകൂടാതെ ഈ നിയമം ഇവിടെ പാസാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. താണുപിള്ള: മററുള്ളിടത്തുള്ളതിനേക്കാൾ ഇവിടെ സെയിൽസ് ടാക്സ് വളരെ കുറവായതുകൊണ്ടു എന്താണു് ദോഷം. ഇവിടേയും കൂട്ടണമെന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇവിടെ സെയിൽസ് ടാക്സ് കുറവായതുകൊണ്ടല്ല കൂട്ടിയതു്. സെയിൽസ്ടാക്സ് ഇനത്തിൽ ബഡ്ജററിൽ നാം പ്രതീക്ഷിച്ചിരുന്ന സംഖ്യ സാധനങ്ങളുടെ വിലക്കുറവു കൊണ്ടു വരവുണ്ടാകയില്ലെന്നു ഏതാനും മാസത്തെ അനുഭവംകൊണ്ടു ഗവണ്മെൻറിനു് ബോദ്ധ്യമായതുകൊണ്ടാണു് ഇതിൻെറ സെയിൽസ് ടാക്സ് അൽപ്പം കൂട്ടിയിരിക്കുന്നതു്. ഗവണ്മെൻറിൻെറ ആദായം വർദ്ധിപ്പിക്കാതിരുന്നാൽ ബഡ്ജററിൽ നാം കൊള്ളിച്ചിട്ടുള്ള ചെലവുകൾക്കു് സംഖ്യ ചെലവുചെയ്യാൻ ഇല്ലാതെ വിഷമിക്കേണ്ടിവരും.

ശ്രീ. എ. താണുപിള്ള: ഫൈനാൻസ് മിനിസ്റ്റർ ബഡ്ജററിനെക്കുറിച്ചു് ഈ സെഷനിൽ പ്രസംഗിച്ചപ്പോൾ ഈ കാര്യത്തെപ്പററിയൊന്നും പറയാതിരുന്നതു എന്തുകൊണ്ടാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അപ്പോൾ ഈ കാര്യത്തെപ്പററി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരു തീരുമാനത്തിൽ എത്തിയിട്ടില്ലായിരുന്നു. അതുകൊണ്ടാണു് പറയാതിരുന്നതു്.

Shr P. S. Nataraja Pillai: May I know what will be the anticipated fall under Sales Tax?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സാധനങ്ങളുടെ വിലക്കുറവുകൊണ്ടു വർഷാവസാനം നാം പ്രതീക്ഷിച്ചതിൽ എന്തു സംഖ്യ കുറവു വരുമെന്നു ഞാൻ ഇപ്പോൾ പറയാം.

[3 P. M.]

Shri P. S. Nataraja Pillai: Sir, may I make some observations on this question. After discussing the budget and the supplementary Demands, we have just passed the Appropriation Bill. After having gone through those figures, we know

[Shri P. S. Nataraja Pillai.]

after all the budget deficit comes to only Rs. 2 Lakhs. Large amounts provided in the Budget for expenditure are all lump sums, without details being worked out even so late as 5 months after the financial year. We have repeatedly asked for the details of these lump amounts provided in the budget, but the Treasury Benches were not able to give them. There are now only 7 months more for the financial year to close.

Shri Kalathil Velayudhan Nair: I will now furnish the information required by Mr. Nataraja Pillai. The estimated decrease will be Rs. 50 lakhs.

Shri P. S. Nataraja Pillai: Sir, in spite of repeated efforts from this side of the House to know the Government's actual spending programme, no light has been thrown by Government on that aspect of the matter. We know from the experience of Travancore-Cochin budgets and the spending capacity of the Treasury Bench here, their declaration of annual deficit generally transform into 'surplus' and that amount is seen to be 4 or 5 times more than the deficit anticipated. From the year 1949 onwards we find this as a regular feature of our budgets. In this connexion I have to say a word. The money locked up in the Treasury becomes useless dead money. On the other hand money left with the people is money available for production. Unless the Government is capable of spending each pie they take out of the ryot, they are committing a financial crime in collecting more. Accumulated surpluses are not in the interests of the country. If Government tax the people and take money, it must be used for ameliorative measures and reproduction work. Let us take every aspect of administration. In the hospitals, there are no provision for adequate treatment, sufficient accommodation, medicine, or diet. Every year huge sums are budgetted and allowed to lapse in the P. W. D. Enormous amounts are allowed to lapse under Development Departments. Same is the case with regard to educational re-organisation. Our experience has been that huge amounts budgetted are allowed to lapse every year, yet the Government come to the House with another measure for new taxation. Why is this tax imposed ? My friend from the Treasury Bench said that the fall in the Sales Tax will be to the extent of 50 lakhs this year. That is the anticipation according to them Last year their anticipations were falsified. Revised estimate on Sales Tax showed an increase to the extent of 48 lakhs or so. If I remember right it is something like half a crore of rupees.

Mr. Speaker: Their anticipations were falsified.

Shri P. S. Nataraja Pillai: So then, my contention is this. On the deficit side also their anticipations cannot be relied upon.

Mr. Speaker: Anticipations cannot be realised.

Shri P. S. Nataraja Pillai: After all, estimates are only anticipations. We have to proceed upon reasonable anticipations. It will be wrong to accept unreasonable anticipations. If we act on them it will result in utter failure. Even taking them at their word, if they anticipate a fall of 50 lakhs why do they propose new tax to cover only 28 lakhs. Government anticipate fall in revenue to the extent of 50 lakhs while they anticipate an additional revenue to the extent of 28 lakhs according to this Bill. Is it fair taxation? It can be easily said that it is a tax on luxury article. I want that proposition to be considered by the House. There is an impression that taxation on petrol is a tax on a luxury. Is that so? What is the incidence of that tax? How do we realise it? I ask, what is the amount of petrol consumed for transport of goods by lorry services. I can understand petrol consumed by the private car owners, and that being taxed higher. But where is the justification, Sir, when there is this slump, as it is called in the country to tax more the petrol used for the transport of essential goods. If petrol duty is increased, will it not automatically increase transport charges on essential goods. What is the proportion of petrol consumed between lorries used for transport of essential articles in this country and that of the cars used by the car-owning population of this country. I have no objection to increase petrol duty 2 or 3 times for petrol used for cars and the private car owners being taxed high. But I do have certain objection when we increase petrol duty which affect transport of essential articles.

Mr. Speaker: Is not petrol an article of luxury?

Shri P. S. Nataraja Pillai: Petrol, as such, is not an article of luxury. It will be, if it is used on luxurious cars owned by rich individuals. We arrive at it from the standard of income and the national wealth of this country. Men who own cars belong to the higher, rich classes and not the middle classes. But that is not the case of lorries. There is the transport of fish, vegetables and other essential articles.

ശ്രീ. ആർ. കേശവപിള്ള: അങ്ങിനെയാണെങ്കിൽ ലോറി ഉടമസ്ഥന്മാരുടെ ആദായവും കുറയുകയില്ലേ?

Shri P. S. Nataraja Pillai: This enhancement of duty will fall inevitably on the consumer of essential articles.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇപ്പോഴത്തേക്കാളും കൂടുതൽ വസ്തുക്കൾ ഉപയോഗിക്കുന്നതായാൽ ഈ തകരാറുണ്ടാകയില്ലെന്ന് അറിയാമോ?

Shri P. S. Nataraja Pillai: I am not going to take into consideration passenger buses at all. I take my stand for the lorry owners who are transporting articles for consumption to the very doors of the Travancore-Cochin public. I do not take up the question of bus travel. Goods of the country are transported from one end to the other by motor vehicles and it has become the order of the day. There may be competition in every aspect of life. There is competition in this House between myself and Mr. K. K. Chellappan Pillai. The spirit of competition is inherent in us.

Shri Nedumangad R. Kesavan Nair: Would it be possible for Government to make a distinction between luxury owned cars and private lorries for purposes of taxation. That is the issue now.

Shri P. S. Nataraja Pillai: I can very well understand how that question comes from an eminent representative of the Bar. It is a question for one in the witness box for an answer. In answer to that I can very well say, if the proposition is handed over to me and Mr. Kesavan Nair, to tackle, we will sit together and solve. But it is not a question for me to solve now. It is a complex question.

Shri J. T. Moraes: Will it not happen that petrol will be secured from the blackmarketing agency ?

Shri P. S. Nataraja Pillai: That is also possible. That will be touching the problem of morality and character and we need not go into that and the social evils with which we live. The only question is, is the incidence of this taxation clear to the Treasury Benches. I pose that question to be answered. Has the incidence of taxation worked up. Have they collected the relevant data on this matter. Have the Government bestowed enough thought on this question. Is it a tax which is being imposed on the shoulders that are capable of bearing it. Is that the intention of this taxation. If the Government have any data on the matter, I wish to know that. At the moment we are confronted with a tax bill of this kind. According to me there is no necessity for additional funds. The House is caught by surprise by this finance bill and the imposition of additional tax on petrol. When that is done, we are entitled to know whether this is a Bill which places additional taxation on the shoulders of the people who are capable of bearing it, or at least on a graduated scale.

Mr. Speaker: In Madras what is the position ?

Shri P. S. Nataraja Pillai: I will come to that. On the other hand I ask, whether this is not a regressive taxation. I want to draw a distinction. In the field of distribution today in Travancore, the motor service is playing a very great part. Additional charge on distribution will inevitably fall on the lower section of the consuming public. Then the only proper course I can conceive of is to work out its incidence here. We will take the case of Madras. The fact that the adjoining State has increased duty on petrol should not weigh with us for its enhancement here. That seems to be the argument now. Essentially Madras Government has a different outlook from this Government. That is how I view it. Even if they have imposed it, they may or may not have worked out its incidence. I do not know about that. Even though they think this to be a regressive tax, that Government will be justified in imposing that. It has enforced thorough prohibition throughout the State. That makes all the difference — Prohibition improves the material condition of the poorer classes. In Travancore

conditions are different. The majority of the people here are very poor. We have to help adequately the lower classes of people here. There is no money to live with. The majority of our people are starving as it were. Then why should Government tax such people. We shpuld take care to tax persons who get higher incomes. Responsibility lies there. We have not relieved the difficulties of the poor section here by any ameliorative measures like prohibition, whereas in Madras ample measures of amelioration have been taken so far. The poor man is not allowed to waste a single pie on drink. so that the justification on the lines of Madras will not hold good for this Government. Our Government need not take shelter under that precedent. Madras is distinctive in that. I conceive the imposition of this tax there because an unavoidable duty of that Government. In spite of the difficulties and financial stringency, they are facing the problem and trying to solve them after enforcing prohibition. In trying so, they are making new taxation proposals which may affect the lower orders as well.

Mr. Speaker: As a fiscal measure, what is the Member's opinion ?

Shri P. S. Nataraja Pillai: That is a question of relative justification. As a fiscal measure, sometimes such demands may have to be met by the people as a whole. When there is a war condition, there may be a necessity to tax the people out of existence. Therefore any taxation will only be justified by the necessity to which it is to be used. It is not a question of fiscal policy always. It is the necessity and the condition of the people that determine the taxation policy. At a time of stress in England some kinds of fiscal measures had to be enforced. A tax of 19 shillings or so on a pound of profit was in force. The State had to find necessary money for war. The consumers were taxed three times the value of goods. The question of existence was in the balance and they were taxed to that extent. So what I say is, any fiscal measure becomes justified when when there is a necessity. As I told at the very outset of my remarks, there is no justification now to make a new demand for money, even if there is fall in revenue in the Sales Tax as anticipated by the Treasury Bench. There will be sufficient funds available, according to the system of working the budget here. By that process surplus will be secured. By working the budget, deficit under Sales-tax will be covered up. Therefore there is no necessity for a bill of this nature.

Sir, when Government are proposing a new taxation measure, it is for the Treasury Bench, to establish beyond a shadow of doubt that this measure of taxation falls on the shoulders which are capable of bearing it. I pose this question for answer. In the existing circumstances of the country and the transport services, I mean not our State transport service, I mean the general transport in this country, it having become mechanically driven, petrol consuming buses, for transport of

[Shri P. S. Nataraja Pillai.]

essential goods, whatever the burden of taxation on petrol will not inevitably fall on the consuming public? Have the Government taken note of this factor. If so, have they devised any means by which this can be avoided. There are various ways of doing it. My friend Mr. Kesavan Nair is anxious to know that. I do not suggest them. In passing I may tell him though I am not advocating it these are the lines on which it can be worked out. I may tell him that vehicle taxation may be reduced for lorries. Taxation may be increased for private cars. That will go to a great extent to relieve the burden on the transport of goods. There are other methods as well. They are left to the ingenuity of persons working it out. I seriously contest the position that it will not be very hard for the poor to tax people like this, for I think, the burden will really fall on the poor section of Travancore public, I mean the consuming public. Therefore I would only say that this taxation proposal at the present time is unjustifiable. And even if it is going to be worked, it must be so worked as to give relief to the poor section of the people.

There is one other aspect which I want to place before the House for their serious consideration.

That is tax on grams. Sir, an additional revenue of Rs. 8 lakhs is expected from tax on foodgrains. There is a proposal to tax gram, which comes to Rs. 8 lakhs. Why should gram be taxed? I may say, Sir, as a Tamilian, iddali is indispensable for a Tamilian. If gram means "ഉഴുന്ന്", it is an indispensable article of diet, like rice for South Indians, for a Tamilian. I have heard that in Northern India, they say that we, people from South India are specialists in iddali. We are sometimes nicknamed as 'iddali people., Why should we tax gram now? Where is the necessity for it? There is no rhyme or reason for this taxation. We have very often emphasised that the multipoint salestax, at present in existence here, is working havoc in the country. At one stage of our finances and at one stage of our development, I was one of those who held that our finances required additional sources of revenue and that Sales-tax was one of those sources. Sir, after having worked it and found the results as revealed from the budget, I have serious doubts whether I was right in having advocated it, and I was reiterating my doubt often in this House. I have on the floor of this House pleaded that it is time to review the position, and that a single pie should be collected as Sales-tax on food-stuffs. We have very often pleaded that articles of consumption should be completely exempted from Sales-tax. And now, Sir, we find for some reason or other—I do not know exactly the reason—in the State of Bombay or some other State, gram might have been included for Sales-tax and our Government also seem to think now that it is necessary that gram should be subjected to Sales-tax. I think it is unreasonable, unjust and hard, and it will cause great hardship to the poor people to have this tax on articles of diet. Therefore, that also is

unjust and as a whole, as I said, in the beginning, I do not think there is any necessity for a Bill of this kind now.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർ, ശ്രീമാൻ നടരാജപിള്ള അവർകൾ പെട്രോളിനു സെയിൽസ്ടാക്സ് കൂട്ടുന്നതിനെ എതിർത്തു് സംസാരിക്കുകയുണ്ടായി. സാധാരണ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വളരെ ശ്രദ്ധയോടുകൂടി കേട്ടാൽ അതിൽ എന്തെങ്കിലും കാര്യങ്ങൾ ഉണ്ടെന്നു തോന്നുകയും ഏതു പക്ഷത്തുനിന്നു ആയാലും അപ്രകാരം കാര്യമായിട്ടുള്ള ഭാഗങ്ങളെ സ്വീകരിക്കുകയും പതിവായിരുന്നു. പക്ഷെ ഇന്നു് പെട്രോളിനു് സെയിൽസ് ടാക്സ് കൂട്ടുന്നതിനെപ്പററി അദ്ദേഹം ഉന്നയിച്ചിട്ടുള്ള വാദങ്ങൾ ഏതു് ഉദ്ദേശത്തോടുകൂടിയായിരുന്നുവെന്നു് സുഗ്രാഹ്യമല്ലാതെയാണിരിക്കുന്നതു്. പെട്രോൾ നികുതി വർദ്ധിപ്പിക്കുന്നതിനെതിരായി അദ്ദേഹം രണ്ടു കാര്യങ്ങളാണു് പ്രധാനമായി പ്രസ്താവിച്ചതു്. അദ്ദേഹത്തിനു് ലക്ഷ്വറി കാറുകൾക്കു് ഉപയോഗിക്കുന്ന പെട്രോളിനു് നികുതികൂട്ടുന്നതിൽ എതിരില്ല. എന്നാൽ പെട്രോൾ, ലോകത്തിൽ എവിടെയായാലും നികുതി സംബന്ധിച്ചിടത്തോളം ഒരു ലക്ഷ്വറി ആർട്ടിക്കിളായിട്ടാണു് വിവക്ഷിക്കപ്പെട്ടിരിക്കുന്നതു്. അതിന്റെമേൽ ചുമത്തുന്ന നികുതി ഒരു ലക്ഷ്വറി ആർട്ടിക്കിളിന്റെമേൽ ചുമത്തുന്ന നികുതിയായിട്ടാണു് കണക്കാക്കപ്പെടുന്നതും. അതിനു വിപരീതമായ ഒരഭിപ്രായത്തിനു എന്തു പ്രസക്തിയാണു് ഇവിടെയുള്ളതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഇവിടെ അദ്ദേഹം ഉന്നയിച്ചിട്ടുള്ള രണ്ടു കാര്യങ്ങളെപ്പററി ആലോചിച്ചാലും അവ സ്വീകാര്യങ്ങളല്ലന്നാണു് എനിക്കു് ഈ സഭയെ അറിയിക്കുവാനുള്ളതു്. അദ്ദേഹം പറയുകയുണ്ടായി, ലോറികളിൽ സാധാരണ ആളുകൾക്കു ആവശ്യമുള്ള സാമാനങ്ങളും മററും കയററിക്കൊണ്ടു പോകുന്നുണ്ടെന്നു്. അതുകൊണ്ടു് പെട്രോളിനു് നികുതി വർദ്ധിപ്പിച്ചാൽ അതു സാധാരണക്കാരെ ബാധിക്കുന്നതാണെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. എനിക്കു് അദ്ദേഹത്തോടു് ഈ അവസരത്തിൽ ഒരു കാര്യം ചോദിക്കുവാനുണ്ടു്. യുദ്ധകാലത്തും ലോറിട്രാൻസ്പോർട്ടു് നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടായിരുന്നു. അന്നു് പെട്രോൾ ലഭിക്കുന്നതു് ബ്ലാക്കുമാർക്കററുമൂലവും മററും ആയിരുന്നെങ്കിലും ലോറി ട്രാൻസ്പോർട്ടു് സർവ്വീസു് കുഴപ്പംകൂടാതെ തന്നെയാണു് നടന്നുകൊണ്ടിരുന്നതു്. അക്കാലത്തും ഇതിന്റെ ചാർജ്ജ് ഇന്നത്തേതിൽനിന്നു് വളരെ വർദ്ധിപ്പിച്ചിരുന്നില്ല. അതുകൊണ്ടു് പെട്രോൾ സുലഭമായി ലഭിക്കുന്ന ഈയവസരത്തിലും അൽപം വില കൂട്ടിയതുകൊണ്ടു് പഴയ ചാർജ്ജുനിരക്കിനു് വലിയ വ്യത്യാസമുണ്ടാകുമെന്നു് വിചാരിക്കുവാൻ ന്യായമില്ല. കൂടാതെ ലോറി സർവ്വീസുകൾ കാമ്പിറേറററീവ് റേററിലാണു് സാധാരണ നടക്കാറുള്ളതു്. ആ റേററിൽ ഇനിയും ആക്കം കിട്ടുകയും ചെയ്യും. പെട്രോളിനു് ക്ഷാമമില്ലാത്ത ഈ അവസരത്തിൽ അതിന്മേലുള്ള സെയിൽസ് ടാക്സ് അൽപം വർദ്ധിപ്പിക്കുന്നതുമൂലം പഴയ റേററിൽനിന്നു് വലിയ വ്യത്യാസമുണ്ടാകുമെന്നു് വിചാരിക്കുവാൻ പാടില്ല. പിന്നീടു് അദ്ദേഹം ബസ്സുകളിൽ യാത്രചെയ്യുന്ന ആളുകൾക്കു് ഉണ്ടാകുന്ന വിഷമങ്ങളെക്കുറിച്ചു് പറയുകയുണ്ടായി. പാസ്സഞ്ചർ സർവ്വീസിനു് പ്രൈവററുസർവ്വീസിലായാലും ട്രാൻസ്പോർട്ടു് സർവ്വീസിലായാലും ഫെയർ ഫിക്സു് ചെയ്തിട്ടുണ്ടു്. അതു ഗവണ്മെൻറു കൂട്ടാത്തകാലത്തോളം ഇപ്പോൾ പെട്രോൾ നികുതി വർദ്ധിപ്പിച്ചതുകൊണ്ടു് ബസ്സു് ഫെയർ

[ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള.]

വദ്ധിക്കുമെന്നുള്ളതാശങ്കയ്ക്കും വഴിയില്ല. ഇതേസംബന്ധിച്ച് ഇത്രമാത്രമാണ് എനിക്ക് സഭയെ അറിയിക്കുവാനുള്ളതു്.

പിന്നീട് അദ്ദേഹം ഉഴന്നിന് നികുതി ഈടാക്കുന്നതിനെ സംബന്ധിച്ച് പറയുകണ്ടായി. ഇന്നത്തെ പരിതഃസ്ഥിതിയിൽ സെയിൽസ് ടാക്സിൽനിന്നുള്ള വരവ് ക്രമേണ കുറഞ്ഞുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കയുണ്ടായി. അതിന്റെ കാരണം അജ്ഞാതമായിട്ടാണ് ഇരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഹൈക്കോർട്ടിൽ സെയിൽസ് ടാക്സ് ഈടാക്കുന്നതിനെ സംബന്ധിച്ച് ഉണ്ടായ ഒരു കേസ് അനുസരിച്ച് ചില സാധനങ്ങളിന്മേൽ വില്പന നികുതി ഈടാക്കുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയാണ് ഇന്ന് സംജാതമായിരിക്കുന്നതു്. ഈ എക്സ്പോർട്ടുചെയ്യുന്ന സാധനത്തിന്റെ നികുതി ഇനത്തിൽ ഏകദേശം ൨ കോടിരൂപ നമുക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ ഇന്നത്തെ വിധിയനുസരിച്ച് ഈ ഇനത്തിൽ സെയിൽസ് ടാക്സ് കൂട്ടുംതന്നെ ഈടാക്കാൻ നിവൃത്തിയില്ലാതെയാണ് ഇരിക്കുന്നതു്.

Shri P. S. Nataraja Pillai: May I know the exact position ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതാണ് ഞാൻ പറയാൻ വരുന്നതു്. ആ കേസ് ഇപ്പോൾ സുപ്രീംകോർട്ടിൽ ഇരിക്കുന്നു. എന്നിരുന്നാലും ആ വക സാധനങ്ങളിൽനിന്ന് ആളുകൾ നികുതി ഇനത്തിൽ ഗവണ്മെന്റിലേയ്ക്കു് ഒന്നുംകൊടുക്കുന്നില്ല. ഗവണ്മെന്റിനു അതു് ഈടാക്കാൻ നിവൃത്തിയുമില്ല. അങ്ങനെയുള്ള ഒരു സ്ഥിതിയാണ് ഇന്ന് നിലവിലുള്ളതു്.

ശ്രീ. എ. താണുപിള്ള: ആ വിധി എപ്പോൾ ആയിരുന്നു ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കുറെനാൾ മുൻപ് ആണ്. സുപ്രീംകോർട്ടിൽ അതിനെ സംബന്ധിച്ച അനുകൂലമായ വിധിയുണ്ടാകുമെന്ന് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നു. അക്കാരണത്താലാണ് ബഡ്ജറ്റ അവതരിപ്പിച്ച അവസരത്തിൽ ഗവണ്മെന്റ് അതേ സംബന്ധിച്ച ഒന്നും എടുത്തു പറയാതിരുന്നതു്.

ശ്രീ. എ. താണുപിള്ള: അങ്ങനെയൊരു പ്രതീക്ഷക്ക് ഭംഗം വരത്തക്കവണ്ണം ഈ കാലഘട്ടത്തിനിടയ്ക്കു് എന്തുണ്ടായി ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കഴിഞ്ഞ ബഡ്ജറ്റിനുശേഷമാണ് ഈ വിധിയുണ്ടായതു്.

ശ്രീ. ആർ. കേശവൻ നായർ: എസ്സൻഷ്യൽ കമ്മോഡിററിസിന്റെ മേൽ സെയിൽസ്ടാക്സ് പാടില്ലായെന്ന് ഒരു നിയമം ഉണ്ടാക്കുന്നതിനുവേണ്ടി മി. ദേശമുഖ് ആലോചിച്ചുവരുന്നതായി മെംബർ പത്രങ്ങളിൽ വായിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഉണ്ട്. ഏതുകൊണ്ടു് നോക്കിയാലും ഇത്ര വലിയ വ്യത്യാസം വരുവാനുള്ള കാരണം അജ്ഞാതമാണ്. ൭൨ ലക്ഷം രൂപയെ ഈ ഇനത്തിൽ കുറവ് വരുകയുള്ളോ എന്നു പോലും ഇപ്പോൾ അറിയുവാൻ നിവൃത്തിയില്ല.

സഭയിലെ ബഹുമാനപ്പെട്ട എല്ലാ മെംബർമാരും അഭിപ്രായവ്യത്യാസംകൂടാതെ ഉദ്യോഗസ്ഥന്മാക്ക് ശമ്പളം കൂട്ടികൊടുക്കണം; ജനക്ഷേമകരങ്ങളായ മററ പ്രവൎത്തനങ്ങൾ ഗവണ്മെൻറ നടത്തണം, എന്നെല്ലാം പ്രസ്താവിക്കയുണ്ടായി. ഇപ്പോൾ വർദ്ധിപ്പിക്കുന്ന നികുതികൊണ്ടുപോലും നടത്തുവാൻ സാദ്ധ്യമല്ലാത്ത കാര്യങ്ങളാണ് ഇപ്പോൾതന്നെ ഗവണ്മെൻറ ചെയ്തുകൊണ്ടിരിക്കുന്നതു്. സെയിൽസ്ടാക്സിൻെറ വരവിനത്തിൽ പ്രതീക്ഷിക്കുന്ന കുറവു നികത്തുവാൻ എന്തുമാൎഗ്ഗമാണ് ഉണ്ടാക്കേണ്ടതെന്നുള്ളതിനെപ്പററി ബഹുമാനപ്പെട്ട മെംബറന്മാർ ആലോചിച്ചിട്ടുണ്ടോ എന്നുള്ള കാര്യം വ്യക്തമല്ല. എന്നാൽ ഗവണ്മെൻറ് ഇക്കാൎയ്യത്തിൽ കഴിയുന്നിടത്തോളം, ജനങ്ങൾക്ക് വിഷമം ഉണ്ടാകാതെ ഇരിക്കത്തക്കവണ്ണം ചില സാധനങ്ങളിന്മേൽ മാത്രമേ നികുതിചുമത്തുവാൻ ഉദ്ദേശിക്കുന്നുള്ളവെന്നാണ് എനിക്കു സഭയെ അറിയിക്കുവാനുള്ളതു്.

ഉഴുന്നുചേരുന്ന ഇഡ്ഡലിയെ സംബന്ധിച്ചാണെങ്കിൽ, അതു സാധാരണ പാവപ്പെട്ട ആളുകൾ കഴിക്കാറില്ല. വല്ല ഹോട്ടലുകളിലുംമററും വന്നുതാമസിക്കുന്ന അവസരത്തിൽ സാധാരണ ആളുകൾ അതു് ഉപയോഗിച്ചുവെന്നുവരാം.

ശ്രീ. ഏ. താണുപിള്ള : മാവേലിക്കരക്കാർ ദോശകഴിക്കാറുണ്ടോ ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ദോശ ഉപയോഗിക്കാറുണ്ടു്. എന്നിരുന്നാലും വളരെ താഴ്ന്നതരത്തിലുള്ള ആളുകൾ വളരെ കുറവായിട്ടു മാത്രമേ അതു ഭക്ഷിക്കാറുള്ളു. അതു് പ്രധാന ആഹാരസാധനമല്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ : സർ, ഈ നികുതിചുമത്തലിനെപ്പററി ശ്രീ. നടരാജപിള്ള അവർകൾ ഉന്നയിച്ച ആക്ഷേപങ്ങൾ പ്രധാനമായി രണ്ടാണ്. അദ്ദേഹം ആദ്യമായി പറഞ്ഞതു്, ബഡ്ജററ് അവതരിപ്പിച്ച അവസരത്തിൽ പ്രതീക്ഷിച്ചിരുന്നതായ തുകയിൽ ൫൦ ലക്ഷം രൂപ കുറവായിട്ടാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നതെന്നും അതിനുപകരം ഫ വ്യ ലക്ഷം രൂപ പ്രതീക്ഷിക്കുന്ന ഒരു നികുതി ചുമത്തുകയും ചെയ്താൽ ബാക്കി ഉണ്ടാകാവുന്ന കുറവു നികത്തുവാൻ എന്തു ചെയ്യുമെന്നാണ്. അതുപോലെതന്നെ കഴിഞ്ഞ ഏതാനുംകാലത്തെ ചരിത്രമെടുത്തുകാണിച്ചു് ഈ സഭയിൽ ഒരു ഡഫിസിററ ബഡ്ജററ് ആണ് സാധാരണ അവതരിപ്പിക്കുന്നതെങ്കിലും ആണ്ടവസാനത്തിൽ അതൊരു മിച്ചബഡ്ജററായി പരിണമിക്കയും ചെയ്യുന്നതായിട്ടാണ് ഇവിടത്തെ അനുഭവമെന്നു് പ്രസ്താവിക്കയുണ്ടായി. ഈ വാദഗതി അനുസരിച്ചു് മുമ്പോട്ടുപോയാൽ അദ്ദേഹത്തോടു എനിക്കു ചോദിക്കുവാനുള്ളതു് ഏതു തരത്തിലാണ് ഇവിടെ ഒരു ബഡ്ജററ് അവതരിപ്പിക്കുവാൻ കഴിയുന്നതെന്നാണ്. ഈ വാദഗതി അനുസരിച്ചു് ഏതു ബഡ്ജററ കൊണ്ടുവന്നാലും, നിങ്ങൾ ഇതു ചെയ്യാറില്ല അതു് ചെയ്യാറില്ല എന്നുപറഞ്ഞു് തുകലാപ്സാക്കികളയുമെന്നു് വാദിക്കുവാൻ കഴിയും. എന്നാൽ വരവിനങ്ങൾ ടാക്സുമുഖാന്തിരം വർദ്ധിപ്പിക്കുവാനോ അതിനു വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ നൽകുവാനോ സഭ മിക്കപ്പോഴും സമ്മതിക്കാറുമില്ല. ഒരു ബഡ്ജററ തയ്യാറാക്കുന്ന അവസരത്തിൽ ഗവണ്മെൻറിൻെറ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചുള്ള കാര്യങ്ങൾ അതിൽ പ്രതിപാദിക്കപ്പെടും.

Shri P. S. Nataraja Pillai: May I know whether details for the provisions made were placed before the House?

ശ്രീ. കളത്തിൽ വേലായുധൻനായർ: പല സംഗതികളെക്കുറിച്ചും ഡീറ്റെയിൽസ് കൊടുക്കാറുണ്ട്. ചില സംഗതികളിൽ കൊടുക്കാത്തതു് അതിനു നിവൃത്തിയില്ലാത്തതുകൊണ്ടാണ്. ഉദാഹരണമായി ഫാമിൻ റിലീഫിന്റെ സംഗതിതന്നെ എടുക്കാം. അതിനെസംബന്ധിച്ചുള്ള വിശദാംശങ്ങൾ എങ്ങിനെയാണ് നേരത്തെ തരികയെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

Shri P. S. Nataraja Pillai: Even in the matter of provision for educational buildings details as to how many buildings are going to be constructed etc., have not been furnished.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, അതുകൊണ്ട് ഈ ബഡ്ജററിൽ ഉദ്ദേശിച്ചിരിക്കുന്ന വരവിനത്തിൽ കുറവുവരുമെന്നുള്ളതുകൊണ്ട് ചിലവിനത്തിൽ ഒന്നും ചുരുക്കുവാൻ നിവൃത്തിയില്ല. ആ കാരണത്താൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നികുതിയെ എതിർക്കുന്നതു് ശരിയല്ല.

പിന്നീട് അദ്ദേഹം പറകയുണ്ടായി ഈ നികുതിവർദ്ധനവ് സാധാരണ ജനങ്ങളെ ബാധിക്കുന്ന ഒന്നാണെന്ന്. സാധാരണ ആളുകൾ ലോറികളിലുംമററും സാമാനങ്ങൾ കൊണ്ടുപോകുന്നുവെന്നും അതുകൊണ്ട് പെട്രോൾനികുതി വർദ്ധിപ്പിച്ചാൽ അതു സാധാരണക്കാരെ ബാധിക്കുമെന്നും അദ്ദേഹം പറകയുണ്ടായി, അക്കാരണത്താൽ ഈ നികുതിവർദ്ധനവ് ശരിയല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. നികുതി എന്നുപറയുന്നതുതന്നെ ഒരു ഭാരമാണ്. സാധാരണയായി പറയാറുള്ളതുതന്നെ നികുതിഭാരം വർദ്ധിപ്പിക്കുകയെന്നാണ്. ഏതു രീതിയിലായാലും നികുതി ഒരു ഭാരംതന്നെ. നികുതി ചുമത്താതെ രാജ്യഭരണം നടത്താമെങ്കിൽ അതു ഏററവും ആദരണീയമായ ഒരു വ്യവസ്ഥയാണ്.

അതൊരിക്കലും സാദ്ധ്യമാവുകയില്ല. പ്രത്യേകിച്ചും ഇന്നത്തെ നിലയിൽ, ഇന്നത്തെ പരിതഃസ്ഥിതിയിൽ രാജ്യത്തിന്റെ ഭരണച്ചെലവു വഹിക്കാൻ നികുതി ചുമത്താതെ സാദ്ധ്യമല്ല. ഇപ്പോൾ ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജററിൽതന്നെ ആവശ്യത്തിൽ കൂടുതലായി നികുതി ചുമത്തിയിട്ടില്ലെന്നു കാണാവുന്നതാണ്. ഈ ബഡ്ജററ വിമർശനവേളയിൽതന്നെ ഉണ്ടായ പരാതികൾ നോക്കുന്ന പക്ഷം പൊതുമരാമത്തിലേയ്ക്കാവശ്യമുള്ള തുക നീക്കിവച്ചിട്ടില്ലെന്നും, മറെറാരു പരാതി ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ സപ്ലൈ ചെയ്യുന്നില്ലെന്നും പറഞ്ഞിട്ടുള്ളതായി കാണാം.

ശ്രീ. എ. താണുപിള്ള: ഈ സെയിൽസ്ടാക്സ് ഇനത്തിൽ വരവ് കുറഞ്ഞുവരുന്നു എന്നു എപ്പോഴാണ് മനസ്സിലാക്കിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ അടുത്തകാലത്താണ്. ഏതു നിമിഷത്തിലാണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഈ ബഡ്ജററവതരണ സമയത്തും ഫൈനാൻസ്മന്ത്രിയുടെ പ്രസ്താവന ഉണ്ടായപ്പോഴും ഈ സപ്ലിമെൻററി ഡിമാൻഡ് അവതരിപ്പിച്ചപ്പോഴും ഇങ്ങനെ കുറവു പ്രതീക്ഷിച്ചിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്നൊന്നും ഇതു മനസ്സി ലാക്കിയിരുന്നില്ല. സപ്ലിമെൻററി ഡിമാൻഡ തയാറാക്കിയപ്പോഴും ഇതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഓരോ മാസത്തിലെ സെയിൽസ് ടാക്സ് റിട്ടേൺസ് കിട്ടിക്കൊണ്ടിരുന്നതു് പരിശോധിച്ചപ്പോഴാണ് ഈ കുറവുകൾ ഉണ്ടാകുമെന്നു് മനസ്സിലാക്കിയതു്.

ശ്രീ. എ. താണുപിള്ള: കഴിഞ്ഞ ജൂൺ മാസം ൩ ൦-ാം തീയതി ഫൈനാൻസുമന്ത്രി ബഡ്ജററ് പ്രസംഗം നടത്തിയപ്പോൾ ഈ വസ്തുത അറിഞ്ഞിട്ടില്ലെന്നും അറിയാൻ ശ്രമിച്ചിട്ടില്ലെന്നും അതു് അറിയാതെയാണു് ഒരു ഇൻക്രീസ്ഡ് ലിസ്റ്റ് നമുക്കു് തന്നതെന്നുമാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ സപ്ലിമെൻററി ഡിമാൻഡ് തയാറാക്കിയ അവസരത്തിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ ഇത്രയും തുക കുറവുണ്ടാകുമെന്നുള്ള അറിവു ലഭിച്ചിരുന്നില്ല. ഒരു പക്ഷെ ചോദിച്ചേക്കാം ഈ സപ്ലിമെൻററി ഡിമാൻഡു് തയാറാക്കിയതിനു ശേഷമാണു് ഗവണ്മെൻറിനു ഈ അറിവു ലഭിച്ചതെങ്കിൽ അതിനു എന്തു നടപടി എടുത്തു എന്നു്. അതിനു ശ്രീമാൻ നടരാജപിള്ളയെപ്പോലുള്ളവർ ചോദ്യം ചെയ്യാതിരിക്കുന്നതിലേയ്ക്കാണു് ഗവണ്മെൻറ് ഈ നടപടി സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: കയറിൻെറ നികുതിയിനത്തിൽ കുറവു വരുത്തണമെന്നു ആവശ്യപ്പെട്ടതനുസരിച്ചു് ഗവണ്മെൻറ് നടപടി നടത്തിയിട്ടില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ സംബന്ധിച്ചു് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്. അതനുസരിച്ചു് കളക്ഷൻ നിറുത്തിവച്ചിട്ടുമുണ്ടു്. ഗവണ്മെൻറ് നികുതി ചുമത്തുന്നതു് സാധാരണക്കാരെ ബാധിക്കുമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഇന്നു ഗവണ്മെൻറ ചുമത്തിയിരിക്കുന്ന നികുതി സാധാരണക്കാരൻെറ കഴിവിൽ കവിഞ്ഞു ബാധിക്കുമോ എന്നുള്ള പ്രശ്നം ഗവണ്മെൻറ് എത്രയും അവധാനമായി ആലോചിച്ചതിനുശേഷമാണു് ചുമത്തുന്നതു്. ഇവിടെ പറയുകയുണ്ടായി ബസ്സിൽ യാത്രചെയ്യുന്ന ആളുകളേയും ലോറിയിൽ സാമാനങ്ങൾ കയററി അയയ്ക്കുന്നവരേയും അതു് ബാധിക്കുമെന്നു്. ഇന്നു ഗവണ്മെൻറ എത്ര തുച്ഛമായ ഒരു തുകയാണു് ഈ നികുതിയിനത്തിൽ ചുമത്തിയിട്ടുള്ളതു്.

ഈ വർഷത്തിൽ ഗവണ്മെൻറ നികുതിയിനത്തിൽ പ്രതീക്ഷിച്ചിരുന്നതിൽ വളരെ കുറവായി മാത്രമേ ലഭിക്കുകയുള്ളു എന്നു മനസ്സിലാക്കിയതുകൊണ്ടും അടുത്ത ഏതാനും മാസങ്ങളിലെ സംഭവഗതികൾ വീക്ഷിച്ചതുകൊണ്ടും ഈ നികുതിയിനത്തിലുള്ള കുറവു പരിഹരിക്കുന്നതിലേക്കായിട്ടാണു ഈ വിവരം സഭയെ അറിയിക്കുന്നതും സഭയുടെ അനുമതിയോടുകൂടി ഇപ്രകാരമൊരു നികുതി ചുമത്തുന്നതും അതിലേയ്ക്കു് ഈ ബിൽ അവതരിപ്പിച്ചതു് ഒരു തെററാണെന്നു ധരിക്കരുതെന്നുമാത്രമേ ഈ അവസരത്തിലെനിക്കപേക്ഷയുള്ളു.

പിന്നീടു് ബഹുമാനപ്പെട്ട മെംബർ സമ്മതിക്കുകയുണ്ടായി മദ്രാസ് പ്രവിശ്യയിലും ഈ സെയിൽസ്ടാക്സ് നിലവിലുണ്ടെന്നു്. അവിടെ നാലണ ഉണ്ടായിരുന്നതു് ഇപ്പോൾ ആറണയാക്കി. എന്നാൽ നാം

[ശ്രീ. കളത്തിൽ വേലായുധൻനായർ]

ഇപ്പോൾ വർദ്ധിപ്പിക്കുന്നതു് രണ്ടണമാത്രമായിട്ടാണു്. അതുകൊണ്ടു് നമ്മുടെ തൊട്ടടുത്ത പ്രവിശ്യയിൽ നിന്നും പിരിക്കുന്ന നികുതിയെപ്പററിയും നാം ആലോചിക്കേണ്ടതാണു്. ആറണ ചുമത്തുന്ന കാര്യവും രണ്ടണ ചുമത്തുന്നതിന്റെ കാര്യവും. ഇതു് ഏററവും ന്യായമായിട്ടു ചുമത്താവുന്ന ഒരു നികുതിയായിട്ടാണു അനുഭവം കൊണ്ടു ബോദ്ധ്യപ്പെട്ടതു്.

പിന്നീടു് ഗ്രാംസിനു നികുതി ചുമത്തുന്നതിനെപ്പററി പറയുകയുണ്ടായി. അതും സാധാരണക്കാരെ ബാധിക്കുന്ന നികുതിയാണെന്നാണു് പറഞ്ഞതു്. അക്കൂട്ടത്തിൽ ശ്രീ. ചെല്ലപ്പൻപിള്ള ഇഡ്ഡലിയുടെ കാര്യം പറയുകയുണ്ടായി.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള : ഇഡ്ഡലി സാധാരണക്കാരല്ല അതിലും മുകളിലുള്ളവരാണു് ഭക്ഷിക്കുന്നതെന്നാണു് പറഞ്ഞതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാധാരണക്കാർ ഉപയോഗിക്കാത്ത സാധനങ്ങൾക്കല്ല നികുതി ചുമത്തുന്നതിനു ഈ ബില്ലുകൊണ്ടു വന്നപ്പോൾ ഗവണ്മെൻറുദ്ദേശിച്ചതു്. മദ്രാസ് പ്രവിശ്യയിൽ എല്ലാ ഭക്ഷണസാധനങ്ങൾക്കും സെയ്ൽസ്ടാക്സ് ചുമത്തുന്നുണ്ടു്. അവിടെ മൾടി പായിൻറ് ടാക്സേഷനാണു് നടപ്പിലിരിക്കുന്നതു്.

Shri P. S. Nataraja Pillai : Has not Madras under consideration betterment tax on land?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ടു്. അതിവിടേയും ആലോചിക്കുന്നുണ്ടു്.

Shri P. S. Nataraja Pillai : May I know from the hon. Minister acting for the Finance Minister whether he would introduce a Bill for this purpose?

Shri Kalathil Velayudhan Nair : When it is found necessary, it will be done.

രണ്ടായാലും എല്ലാ ഭക്ഷ്യധാന്യങ്ങൾക്കും നികുതി ചുമത്തുന്നതിനു പകരം ഗ്രാംസിനു മാത്രമേ ഇപ്പോൾ നികുതി ചുമത്തുന്നുള്ളു. അതു തന്നെ എത്ര കുറഞ്ഞ ശതമാനമാണു്. ഇതു സാധാരണക്കാരനെ എങ്ങിനെ ബാധിക്കുമെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എ. താണുപിള്ള : ഈ ഗ്രാംസ് എത്ര കാണ്ടിററി ഇവിടെ ഇംപോർട്ടുചെയ്യുന്നുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനിവിടെ കണക്കുണ്ടു്. അതുനോക്കി പറയുന്നതിനേ സാദ്ധ്യമാവുകയുള്ളു.

ശ്രീ. എ. താണുപിള്ള : എത്ര കാണ്ടിററി ഇവിടെ കൺസ്യൂം ചെയ്യുന്നുണ്ടു്. അതിൽ നിന്നും എന്താദായം കിട്ടും ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിൽ നിന്നും വ്യ ലക്ഷത്തോളം രൂപാ കൂടുതലായി കിട്ടുമെന്നാണു പറയുന്നതു് ?

ശ്രീ. എ. സാംരാജ് : പപ്പടം, ഉഴുന്നുവട ഇവയ്ക്കു് ഉഴുന്നു് ആവശ്യമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു വേണം.

ஸ்ரீ. கணபதி: சாதாரணக்காரர்களுக்கென்றும் 'கார்' இல்லை என்பது மந்திரியவர்களுக்குத் தெரியுமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം. ഈ ഗ്രാംസിനു് സെയിൽസ്‌ടാക്സ് ചുമത്തിയിരിക്കുന്നതു് മററു പ്രവശ്യകളിൽ സെയിൽസ് ടാക്സ് ബാക്കി എല്ലാ സാധനങ്ങൾക്കും ഈടാക്കിക്കഴിഞ്ഞിരിക്കുന്നു എന്നുള്ള നല്ല വശം മാത്രം ധരിച്ചു് ഈ നിയമം പാസ്സാക്കിത്തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

The question that the Travancore-Cochin General Sales Tax (Amendment) Bill be taken in to consideration was put and carried.

The Bill was taken into consideration.

Clauses 2 and 3.

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Clause 1.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble.

The question that the Preamable stand part of the Bill was put and carried.

The Preamble was added to the Bill.

Title.

The question that the Title stand part of the Bill was put and carried.

The Title was added to the Bill.

Shri Kalathil Velayudhan Nair: I move that the Bill be passed.

Shri K. Kochukuttan: I second it.

The question that the Travancore-Cochin General Sales Tax Act (Amendment) Bill be passed was put and carried.

The Bill was passed.

The Trivandrum City Municipal Act (Second Amendment) Bill.

Shri K. Kochukuttan: Sir, I beg to present the Report of the Select Committee on the Trivandrum City Municipal Act (Second Amendment) Bill and move that the Bill as reported by the Select Committee be taken into consideration.

Shri V. Madhavan: I second it.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, സെലക്ട്കമ്മിററി ഈ ബില്ലിനെപ്പററി ചർച്ചനടത്തി ഏകകണ്ഠമായ ഒരു റിപ്പോർട്ടല്ല സമർപ്പിച്ചിട്ടുള്ളതു്. സെലക്ട്കമ്മിററിയിൽ പ്രധാനമായി മാററം വരുത്തിയിട്ടുള്ളതു് താഴെ കാണുംവിധത്തിലാണ്. പട്ടികജാതിക്കാർക്ക് ഈ സിററി മുനിസിപ്പൽ ആക്ടിൽ പ്രത്യേക പ്രാതിനിധ്യം സംവരണംവഴി അനുവദിച്ചിട്ടുണ്ട്. അങ്ങിനെ പ്രാതിനിധ്യമുള്ളതുകൊണ്ട് പൊതുസീററിൽ ഹരിജനങ്ങൾക്ക് നിൽക്കാമോ എന്ന കാര്യം ബില്ലിൽ വ്യക്തമാക്കിയിരുന്നില്ല. സെലക്ട്കമ്മററി ഹരിജനങ്ങൾക്ക് പൊതുസീററിലും നില്ക്കാം എന്നു വ്യക്തമാക്കിയിട്ടുണ്ട്.

മറെറാരു മാററം വരുത്തിയിരിക്കുന്നതു് പഞ്ചായത്തുബില്ലിൽ നാം സ്വീകരിച്ചതായ മാററംതന്നെയാണ്. അതായതു് പട്ടാളത്തിലോ വിദേശകാര്യാലയത്തിലോ ജോലി നോക്കുന്ന ഒരാൾക്ക് പോസ്റ്റൽവഴി ഈ സിററി മുനിസിപ്പാലിററിയിലും വോട്ടുചെയ്യാനുള്ള അവകാശം അനുവദിക്കണമോ എന്നുള്ളതായിരുന്നു. പഞ്ചായത്തിൽ എന്നവണ്ണം സിററി കോർപ്പറേഷനിലും ഇക്കൂട്ടർക്ക് വോട്ടവകാശം വേണ്ട എന്നു് കമ്മിററി തീരുമാനിച്ചു.

മറെറാന്നു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ സ്ഥാനാർത്ഥികൾക്കുള്ള ചില ഡിസ്ക്വാളിഫിക്കേഷനെപ്പററി ചിലതെല്ലാം പ്രതിപാദിച്ചിരുന്നു. ബില്ലിൽ പ്രതിപാദിച്ചിരുന്ന ആ വ്യവസ്ഥ മാററി റെപ്രസെന്റേഷൻ ആഫ് പീപ്പിൾസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ചുള്ള ഡിസ്ക്വാളിഫിക്കേഷൻ ഇതിലും വച്ചാൽ മതി എന്നു കമ്മിററി തീരുമാനിച്ചു.

മറെറാന്നു്, നിലവിലുള്ള കാർപ്പറേഷൻ കൗൺസിലിന്റെ കാലാവധി നവംബർ ൧-ാംതീയതി അവസാനിക്കും. അക്ടോബർ മാസത്തിൽ തിരഞ്ഞെടുപ്പു നടത്തിയാൽ മാത്രമേ നവംബർ മാസത്തിൽ പുതിയ കൗൺസിൽ നടത്താൻ നിവൃത്തിയുള്ളൂ. അക്ടോബർ ഒന്നാംതീയതിയാണ് പുതിയ വോട്ടേഴ്സ് ലിസ്റ്റ് പരസ്യപ്പെടുത്തുന്നതു്. ആ നിലയ്ക്കു് ആ മാസത്തിൽത്തന്നെ തിരഞ്ഞെടുപ്പു നടത്താൻ സാദ്ധ്യമല്ല. കുറച്ചു സാവകാശം കിട്ടുന്നതിനുവേണ്ടി ഡിസംബർമാസം അവസാനം നിലവിലുള്ള കൌൺസിലിന്റെ കാലാവധി നീട്ടേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈ കാർപ്പൊറേഷൻ കൗൺസിലിന്റെ കാലാവധി ജനുവരി ഒന്നാംതീയതി വരെ നീട്ടാൻ കമ്മിററി തീരുമാനിച്ചു. ഇത്രയും വ്യവസ്ഥകളാണ് സെലക്ട്കമ്മിററി അംഗീകരിച്ചിട്ടുള്ളതു്. ഇതു ഈ സഭയിൽ ആലോചനയ്ക്കെടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

The question that the Trivandrum City Municipal Act (Second Amendment) Bill be taken into consideration was put and carried.

Mr. Speaker: We will now proceed clause by clause.

Clause 2.

The question that clause 2 stand part of the Bill was put and carried.

The Clause was added to the Bill.

Clause 3.

Shri A. Thanu Pillai: Sir, I move:

In sub-section (1) of the proposed Section 5, clause (1) (f), for 'which the Government may..............Castes'. substitute 'which are declared to be Scheduled Castes for purposes of election to the Parliament'.

My purpose is simply this—not that there is any real difference in effect—it is better that we follow the Constitution and the practice throughout India. By Scheduled castes we mean the scheduled castes notified for the purpose of election to the Parliament. Why not we adopt the same words? Scheduled castes declared as such by the local Governments may vary. They may delete one caste or add one caste. I should like to see that there is uniformity in this matter throughout India. That is the object of my amendment.

<u>ശ്രീ. കെ. കൊച്ചുകുട്ടൻ:</u> കാർപ്പൊറേഷൻ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം പട്ടികജാതിക്കാരുടെ ലിസ്റ്റ് ഗവണ്മെന്റ് പരസ്യപ്പെടുത്തുന്നതായിരിക്കണമെന്നാണ് ബില്ലിലെ വ്യവസ്ഥ. ഗവണ്മെന്റിനു അങ്ങനെയൊരു അധികാരം കൊടുക്കുവാൻ പാടില്ല, അതു് ഇൻഡ്യൻ പ്രസിഡന്റ് അംഗീകരിച്ചിട്ടുള്ളതായിരിക്കണമെന്നാണ് ഭേദഗതി. ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റുതന്നെ, അതാതു കാലങ്ങളിൽ ഈ ഗവണ്മെന്റ് സമർപ്പിക്കുന്നതും രാജപ്രമുഖന്റെ ശുപാർശയനുസരിച്ചു് ഇൻഡ്യൻ പ്രസിഡന്റ് അംഗീകരിക്കുന്നതുമാണ്. അങ്ങനെയുള്ളതുതന്നെ ഷെഡ്യൂൾഡ് കാസ്റ്റിന്റെ ലിസ്റ്റ് ആയിട്ടു് അംഗീകരിക്കുകയുള്ളു. ആ സ്ഥിതിക്കു് ഇങ്ങനെ ഒരു ഭേദഗതി വേണമെന്നു തോന്നുന്നില്ല.

<u>ശ്രീ. പി. ചാക്കോ:</u> രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ചെയ്തിട്ടുള്ള ശുപാർശകളിൽ ഏതെങ്കിലും, ഇൻഡ്യൻ പ്രസിഡന്റ് കുറവു ചെയ്തിട്ടുണ്ടോ?

<u>ശ്രീ. കെ. കൊച്ചുകുട്ടൻ:</u> അതിനു് പെട്ടെന്നു ഉത്തരം പറയാൻ സാധിക്കുകയില്ല.

<u>ശ്രീ. പി. ചാക്കോ:</u> രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ചെയ്തിട്ടുള്ള ശുപാർശയിൽ നൂറു പേരുടെ ലിസ്റ്റ് ഉണ്ടായിരിക്കെ അതു് നൂറാക്കി കുറവു ചെയ്തിട്ടുള്ളതായറിയാമോ; അതായതു് അതിൽ അരയസമുദായത്തെയും മററും ഉൾപ്പെടുത്തിയാണ് ലിസ്റ്റ് അയച്ചതു്. അതു തള്ളിയിട്ടാണ് ഇൻഡ്യൻ പ്രസിഡന്റ് അംഗീകരിച്ചതെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

<u>ശ്രീ. കെ. കൊച്ചുകുട്ടൻ:</u> അതു് അന്വേഷിക്കാതെ പറയാൻ സാദ്ധ്യമല്ല.

<u>ശ്രീ. കൊച്ചുകുഞ്ഞു്:</u> ബഹുമാനപ്പെട്ട മെമ്പർ ഭരണഘടന വായിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. ചാക്കോ:</u> വായിക്കാൻ അറിയാം. വായിച്ചിട്ടും ഉണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: അതു് കാര്യമായി ഒന്നുകൂടി വായിച്ചുനോക്കണം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ലിസ്റ്റ് അയയ്ക്കുന്നതു് നാലഞ്ചു കൊല്ലത്തിൽ ഒരിക്കലൊണോ, അതോ വർഷംതോറും അയയ്ക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഭരണഘടന വരുന്നതിനുമുമ്പ് പട്ടികജാതിക്കാരുടെ ലിസ്റ്റ് ഓരോ സ്റ്റേറ്റിൽനിന്നും അയയ്ക്കണമെന്നു നിർദ്ദേശം ഉണ്ടായിരുന്നു. അതനുസരിച്ച് അയച്ചു. കാൺസ്റ്റിറ്റ്യൂഷൻ വരുന്നതിനു മുമ്പുതന്നെ ഈ ലിസ്റ്റ് അംഗീകരിച്ചുവന്നിട്ടുണ്ട്. അതു ഭരണഘടനയിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

The amendment was put and lost.

The question that clause 3 stand part of the Bill was put and carried.

The clause was added to the Bill.

Clause 4.

Shri E. Gopalakrishna Menon: Sir, I move:

In clause 4 (1) after the words 'Commissioner shall', add the words "be appointed by the Council and shall", before the words 'hold office etc'.

സർ, ഈ ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു് കാർപ്പൊറേഷനിലെ കമ്മീഷണരെ നിയമിക്കാനുള്ള അധികാരം കാർപ്പൊറേഷനു തന്നെ ഉണ്ടായിരിക്കണമെന്നു സ്ഥാപിക്കാൻവേണ്ടി മാത്രമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആട്ടോണമസ് യൂണിറ്റുകളാണെന്നുള്ള തത്വം അംഗീകരിക്കുകയാണെങ്കിൽ അതിലെ ഭരണം നടത്താനുള്ള സ്റ്റാഫിനെ നിയമിക്കാനുള്ള അവകാശം ആ സ്റ്റാഫിനുണ്ടായിരിക്കണമെന്നുള്ളതാണ്. വാസ്തവത്തിൽ ഇന്നു് കമ്മീഷണരെ ഈ സ്ഥാപനത്തിൻെറ തലയിൽ ഗവൺമെൻറ് വച്ചുകെട്ടുന്ന ഒരേർപ്പാടാണുള്ളതു്. അതിൻെറ ഫലമായി കാർപ്പൊറേഷനിലെ അംഗങ്ങളും കാർപ്പൊറേഷനിലെ ഭരണം നടത്തുന്നതിനു നിയോഗിക്കപ്പെടുന്ന കമ്മീഷണരും തമ്മിൽ പലപ്പോഴും പൊരുത്തമില്ലായ്മ ബോദ്ധ്യപ്പെടുന്നുണ്ട്. ഈ ബില്ലിൽതന്നെ കമ്മീഷണരെ മാററണമെന്നുണ്ടെങ്കിൽ മൂന്നിൽ രണ്ടുഭാഗം അംഗങ്ങളുടെ വോട്ടു വേണമെന്നാണു പറയുന്നതു്. അതായതു് ഭൂരിപക്ഷം ഉണ്ടായിരുന്നാൽമാത്രം പോരാ എന്നാണ്. ഇതു് ജനായത്തസിദ്ധാന്തങ്ങൾക്കു് കടകവിരുദ്ധമാണ്. അതുകൊണ്ടു കമ്മീഷണരെ നിയമിക്കാനുള്ള അവകാശം കാർപ്പൊറേഷനു് ഉണ്ടായിരിക്കണമെന്നാണു് ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: സെക്ഷൻ ൬ കമ്മീഷണരുടെ ഉദ്യോഗകാലാവധിയെപ്പററിയുള്ളതാണ്. സെക്ഷൻ ൭ ആണ് കമ്മീഷണരുടെ നിയമനത്തെപ്പററി പ്രതിപാദിക്കുന്നതു്. അതുകൊണ്ടു് ഈ ഭേദഗതി ഇവിടെ അപ്രസക്തമാണ്. ഇതു സ്വീകരിക്കാൻ നിവൃത്തിയില്ല.

Mr. Speaker : Only some particular sections of this Act are sought to be amended. The other sections remain in the original Act. Section 7 is not sought to be amended by this Bill. Do you press the amendment ?

Shri E. Gopalakrishna Menon: If this amendment is in order, I press it.

The amendment that in clause 4 (1), after the words 'Commissioner shall', add the words "be appointed by the Council and shall", before the words 'hold office etc.' was put and lost.

Shri A. Thanu Pillai : Sir, I move :

"In the proposed Section 8 (2), for 'two-thirds', substitute "one-half".

Sir, as it is, the Government may remove the Commissioner from office and shall do so if such recommendation is moved by the Council of not less than two-thirds of the sanctioned strength. I want to reduce that two-thirds to one-half of the sanctioned strength of the Council. Sir, of course, there is a defect in the clause as drafted by the Select Committee which defect continues in my amendment also. It is stated—" Not less than two-thirds of the sanctioned strength of the Council". It may be, at a particular time, the sanctioned strength of the Council may be 24 and the Council actually consists of only 20. There is that anomaly. It struck me just now. That anomaly continues in my amendment also. Subject to that, I say this. No doubt, Government is given the power to make the appointment of the Commissioner. It is for the Council to recommend the removal of the Commissioner. We know in our Corporation that there was almost continuously some kind of conflict between the Commissioner and one section of the Members of the Council on one side and another section on the other side. Very often the Health Officer is also involved. We find that unfortunately our Corporation is a field for unholy and unseeming fight. We know it for a fact. Since the Corporation is hereafter to consist of an elected body, even though the appointment rests with the Government, still, this Commissioner is to work in union with the Corporation with the elected Members. Hereafter, there will be only elected members. How can we expect a person who is not acceptable to the majority of the Corporation at least to discharge his functions efficiently? If at any time a Commissioner is found to be not acceptable to the majority of the members of the Corporation, should not there be a provision for sending him out ? If out of the 24,13 say that " we cannot work with this man ; he is not above board ; he is corrupt ; he is negligent and takes sides", should they not be given a chance to remove him ? If the elected members of the Corporation feel like that, what is their chance to carry it into effect ? This amendment merely seeks to have this position accepted. When a majority of the members of the Corporation feel that they cannot work with a Commissioner appointed by the Government, how can the business of the Corporation be carried on efficiently when they have not at the same time the power to recommend for his removal ? Now, why should

[Shri A. Thanu Pillai.]

there be a majority of two-thirds of the sanctioned strength of the Corporation to say that this amendment is not acceptable. Suppose a simple majority thought so. Why not accept that because the other decisions of the Corporation are by the simple majority? This Commissioner has to implement all the decisions of the majority who say that that man is not wanted, that he is negligent and that he is creating unnecessary troubles and so on. They merely say "we do not want this man ; please send another". Should not the Corporation have at least that right ? There was a lot of discussion in Madras recently bearing on this and on the powers of the Council, and on questions like whether the Executive is entirely amenable to the wishes of the Corporation or Municipal Council or not. There may be arguments both ways. Here we are not concerned with that. My amendment is very very restricted in scope and it is calculated merely to see that the functions of the Corporation are carried out smoothly. Why should Government say that unless the two-thirds majority feel that the Commissioner is not good, he cannot be removed ? I think this amendment is a very innocent one, but at the same time, very necessary and that it will be accepted by the Minister in charge. Of course, I have no hope. No amendment has any chance so long as the Congress is in power and the Congress has one Member more than the rest of the Members put together. Still, I feel this is my own Corporation. I represent one-half of this Corporation in this Legislature. And the elected representatives may say "You were there, what is the meaning of this?" Here is a man who creates cliques; he is in league with such and such a party and things are not done properly. We are helpless. Why do you agree to this ?" I can only say "Well, you are right. The Congress is to be in power and so we have to suffer". Should I give that answer ?

I hope the Minister will accept this amendment.

ശ്രീ. കെ. കൊച്ചുകുട്ടൻ : ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞമാതിരി അദ്ദേഹത്തിന്റെ ഭേദഗതി അത്ര ഇന്നസെന്റ് അല്ല. ആ ഭേദഗതി സ്വീകരിക്കുന്നപക്ഷം കമ്മീഷണർ ഗവണ്മെന്റ് നിയമിക്കുന്ന ആളായാലുംശരി, കൗൺസിൽ നിയമിക്കുന്ന ആളായാലുംശരി എപ്പോഴും മാറിക്കൊണ്ടിരിക്കും. ഗവണ്മെന്റ് നിയമിക്കുന്ന ആളായാലും ഒരു കുറഞ്ഞ ഭൂരിപക്ഷമുള്ള ആളുകളും അവിശ്വാസം പാസ്സാക്കുകയാണെങ്കിൽ ഗവണ്മെന്റിന് അതിൽനിന്നും ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ല. ഭൂരിപക്ഷം ഓരോ മെംബറിന്റെയും താൽപ്പര്യം അനുസരിച്ച് മാറിക്കൊണ്ടിരിക്കും. അങ്ങനെ ഓരോ മെമ്പറിന്റെയും താൽപ്പര്യം അനുസരിച്ച് മാറിക്കൊണ്ടിരിക്കാൻ പാടില്ലാത്തവിധത്തിൽ വേണമെന്നുള്ളതുകൊണ്ടാണ് അങ്ങനെയുള്ള ഒരു അവിശ്വാസം വരികയാണെങ്കിൽ ൩ അംഗങ്ങളിൽ ൨ പേർ എങ്കിലും വോട്ടു ചെയ്യേ മതിയാവൂ എന്നു വച്ചിരിക്കുന്നതു്. അങ്ങനെ ൩-ൽ ൨ പേർ വോട്ടു ചെയ്യില്ലെങ്കിൽ അതു് അവിശ്വാസമായി കണക്കാക്കാൻ നിവൃത്തിയില്ല. ആദ്യം നാലിൽ മൂന്നുഭാഗം മെംബർമാരെങ്കിലും വേണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ സെല

കൂട്ടുകമ്മിററി പരിചിന്തനം ചെയ്തതിനുശേഷം അതു് മൂന്നിൽ രണ്ടു ഭാഗം മതിയെന്നു തീരുമാനിച്ചു. അതുകൊണ്ടു് ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: മൂന്നിൽ രണ്ടുഭാഗം എന്നുള്ളതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി തീരുമാനിച്ചു. മെജോറിട്ടി എന്നുള്ളതിനു് അർത്ഥമുണ്ടു്. എന്നാൽ ഇതിൽ എന്തു തത്വമാണുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സിമ്പിൾ മെജോറിട്ടിയായിരിക്കാൻ പാടില്ല, കുറച്ചെങ്കിലും കൂടുതൽവേണം എന്നുദ്ദേശിച്ചാണു് മൂന്നിൽ രണ്ടു ഭാഗമെന്നു് നിശ്ചയിച്ചതു്. അതിനാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

4 P. M.]

Mr. Speaker: Shri Achyutha Menon, are you moving your amendment on the face of the defeat of this amendment?

Shri C. Achyutha Menon: Yes, Sir.

I move:

In Clause 4 (2) last two lines, instead of the words 'not less than two-thirds', substitute the words 'a majority'.

സർ, തിരുവനന്തപുരം മെംബർ ശ്രീ. താണുപിള്ള അവതരിപ്പിച്ച ആ ഭേദഗതിയിലെ തത്വംതന്നെയാണു് ഈ ഭേദഗതിയിലും അടങ്ങിയിരിക്കുന്നതു്. എന്റെ ഭേദഗതിയിൽ ഭൂരിപക്ഷം മെംബർമാർ കമ്മിഷണരിൽ അവിശ്വാസം രേഖപ്പെടുത്തുകയാണെങ്കിൽ ആ കമ്മീഷണരെ ആ സ്ഥാനത്തുനിന്നു മാററുവാൻ ഗവണ്മെൻറ് നിർബ്ബന്ധിതമായിത്തീരുമെന്നാണു് പറയുന്നതു്. ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. താണുപിള്ളയുടെ ഭേദഗതിക്കു് മറുപടി പറഞ്ഞപ്പോൾ എന്തുകൊണ്ടാണു് കമ്മീഷണരെ മാററുന്നതിനു് മെമ്പർമാരിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ മെജാറിററി വേണമെന്നു് നിർബന്ധിക്കുന്നതു് എന്നുള്ളതിനെപ്പററി വളരെ വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ല. നമ്മുടെ മുനിസിപ്പൽ കൌൺസിലുകളുടെ അനുഭവം വെച്ചുനോക്കുകയാണെങ്കിൽ ഗവണ്മെൻറ് നിശ്ചയിക്കുന്ന കമ്മീഷണരും കൌൺസിലിലെ ഭൂരിപക്ഷം അംഗങ്ങളുംകൂടി പൊരുത്തമില്ലാതെ വന്നിട്ടുണ്ടു് എന്നുള്ളതിനു് അനവധി ഉദാഹരണങ്ങളും ഉണ്ടു്. അതു് തുടർന്നുകൊണ്ടുവരികയാണെങ്കിൽ തീർച്ചയായും മുനിസിപ്പൽ കൌൺസിലിന്റെ ഭരണം അങ്ങേഅററം കുഴപ്പത്തിൽപ്പെട്ടുപോകും. ആ മാതിരി മുനിസിപ്പാലിററികളിലെ കാര്യം വളരെ അധികം അവതാളത്തിലാകും എന്നുള്ളതിൽ കവിഞ്ഞു് ഒന്നും ഉണ്ടാകുവാൻ പോകുന്നില്ല. ഞാൻ ചോദിക്കുന്നതു് നമ്മുടെ സ്റ്റേററിന്റെ ഭരണഭാരം ഏററിരിക്കുന്ന മന്ത്രിസഭയെ സിമ്പിൾ മെജാറിററികൊണ്ടു് മാററാമെന്നുണ്ടു്; അതിൽക്കവിഞ്ഞു് ഒരു കമ്മീഷണരെ മുനിസിപ്പാലിററിയിൽനിന്നു് മാററുന്നതിനു് മുനിസിപ്പൽ കൌൺസിന്റെ കൂടുതൽ ഭൂരിപക്ഷം വേണമെന്നു് ഗവണ്മെൻറ് നിർബ്ബന്ധിക്കുന്നതിന്റെ ആവശ്യമെന്താണെന്നാണു്. ഗവണ്മെൻറ് അപ്രകാരം നിർബ്ബന്ധിക്കുന്നതിന്റെ അടിസ്ഥാനതത്വം എന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല.

[ശ്രീ. സി. അച്ചുതമേനോൻ]

ഒരു കാലത്തു് മുനിസിപ്പാലിററിയിലെ ഭരണത്തിൽ കഴിയുന്നതും ആ മുനിസിപ്പാലിററിയിലെ ജനങ്ങൾക്കു് പരിപൂർണ്ണമായ നിയന്ത്രണം വേണമെന്നു് കാൺഗ്രസ്സു് പാർട്ടിയിലെ അംഗങ്ങൾ നേതൃത്വം വഹിച്ചു് സമരം നടത്തീട്ടുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട തൃശ്ശിവപേരൂർ മുനിസിപ്പാലിററിയിൽ ഗവൺമെൻറിൽനിന്നും നിശ്ചയിച്ച കമ്മീഷണരും അവിടത്തെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിററിയുമായിട്ടു് വളരെ അധികം വടംവലി നടക്കുകയുണ്ടായിട്ടുണ്ടു്. ആ അവസരത്തിൽ കാൺഗ്രസ്സ്പാർട്ടിയിലെ ഒരു നേതാവായ ശ്രീ. ഈ. ഇക്കണ്ടവാര്യരുടെ നേതൃത്വത്തിൽ തൃശ്ശൂർ മുനിസിപ്പാലിററിയിൽ ഈ തത്വം സ്ഥാപിച്ചു കിട്ടുന്നതിനു്, അതായതു് മുനിസിപ്പൽ കമ്മീഷണരുടെ പേരിൽ അവിടത്തെ ജനങ്ങൾക്കു് വിശ്വാസമില്ലാത്ത അവസരത്തിൽ കമ്മീഷണരെ മാററുന്നതിനു്, സമരം നടത്തുകയുണ്ടായിട്ടുണ്ടു്. അന്നത്തെ ഗവൺമെൻറു് ആ മുനിസിപ്പാലിററിയുടെ ആ വാദം തള്ളിക്കളയുകയാണു് ചെയ്തതു്. അങ്ങനെ കാൺഗ്രസുകാർതന്നെ സമരം നടത്തിയിട്ടുള്ള ഒരു തത്വം സ്ഥാപിച്ചുകിട്ടുന്നതിനു വേണ്ടിയാണു്. ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിരിക്കുന്നതു്. ഒരിക്കൽ കാൺഗ്രസ്സുകാർതന്നെ ഉന്നയിച്ചിട്ടുള്ള ഒരു വാദത്തിനു് ഇന്നു് അവർ അധികാരത്തിൽ കയറിയപ്പോൾ എതിരു് നിൽക്കുന്നതിൻെറ കാര്യം എനിക്കു് മനസ്സിലാകുന്നില്ല. ഈ ഭേദഗതി സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, മുൻപുപറഞ്ഞ കാരണങ്ങളിൽ കൂടുതലായി ഒന്നും എനിക്കു് ഇതിനെപ്പററി പറയുവാനില്ല. ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that clause 4 stand part of the Bill was put and carried.

Clause 4, was added to the Bill.

Clauses 5 to 9.

The question that clauses 5 to 9 stand part of the Bill was put and carried.

The clauses were added to the Bill.

Clauses 10.

Shri R. Kesava Pillai: I move:

In the proposed Section 46, clause (1), omit the word 'non-reserved'.

സർ, ഇതിൻെറ ഉദ്ദേശമെന്താണെന്നുവച്ചാൽ ഇപ്പോൾ ഒരു മുനിസിപ്പാലററിയിൽ റിസർവ്ഡും ജനറലുമായി എത്ര സീററുകൾ വേണമോ അത്രയും സീററുകൾക്കുള്ള വാർഡുകൾ വേണമെന്നാണു്. അതായതു് ജനറൽ സീററും റിസർവ്ഡ സീററും പ്രത്യേകം പ്രത്യേകം തിരിക്കണം. രണ്ടുംകൂടി ഒന്നാക്കുകയാണെങ്കിൽ ഡിവിഷൻെറ വിസ്തീർണ്ണം വളരെ കൂടുതലാകും. എൻെറ നിയോജകമണ്ഡലംതന്നെ ഒരു ദ്വയാംഗ നിയോജകമണ്ഡലമാണു്. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് വളരെ വിസ്തീർണ്ണമുള്ള നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പു പ്രചാരണം

നടത്തുന്നതിനും വോട്ടറന്മാരെ സമീപിക്കുന്നതിനും വളരെ അധികം പണച്ചെലവിനും വളരെയധികം ബുദ്ധിമുട്ടിനും ഇടയായിട്ടുണ്ട്. സാധാരണ ഒരു ഏകാംഗ നിയോജകമണ്ഡലത്തിൽ നിൽക്കുന്ന ഒരാൾ ചെലവു ചെയ്യുന്നതിന്റെ ഇരട്ടി സംഖ്യ ദ്വയാംഗ നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പിന് നിൽക്കുന്ന ഒരാൾ ചെലവു ചെയ്യേണ്ടിവരും. ഏകാംഗ നിയോജകമണ്ഡലത്തിൽ നിൽക്കുന്ന ആൾ യാത്ര ചെയ്യുന്നതിന്റെ ഇരട്ടി സ്ഥലത്ത് ദ്വയാംഗ നിയോജകമണ്ഡലത്തിൽ നിൽക്കുന്ന ആൾ യാത്ര ചെയ്യണം. അതുപോലെ ഇരട്ടി ബുദ്ധിമുട്ടും അനുഭവിക്കണം. ഇത് എനിക്ക് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അനുഭവപ്പെട്ടിട്ടുണ്ട്. ആ അനുഭവത്തിന്റെ ഫലമായിട്ടാണ് ദ്വയാംഗമണ്ഡലം രണ്ടായിട്ടു വിഭജിച്ച് തിരഞ്ഞെടുപ്പു നടത്തണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ഏകാംഗമെന്നും ദ്വയാംഗമെന്നും പറയുന്നത് മനസ്സിലാകുന്നില്ല.

ശ്രീ ആർ. കേശവപിള്ള: ഒരു നിയോജകമണ്ഡലത്തിൽ ഡബിൾ മെംബർഷിപ്പു പാടില്ല; സിങ്കിൾ മെംബർഷിപ്പേ പാടുള്ളു എന്നാണ് പറയുന്നത്. ഡബിൾ മെംബർഷിപ്പുള്ളതു വളരെ ബുദ്ധിമുട്ടിന് ഇടയാക്കുന്നതാണ്. ഇത് വളരെ അത്യാവശ്യമായിട്ടുള്ള ഒരു സംഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതിയെ അനുകൂലിക്കുകയില്ലായിരിക്കാം. നമ്മുടെ അസംബ്ളിയിലും നമ്മുടെ പാർലിമെന്റിലും ദ്വയാംഗ മണ്ഡലം നിലവിലിരിക്കുന്നുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ദ്വയാംഗം എന്ന പദത്തിനുപകരം ബഹ്വംഗം എന്നാക്കിയാൽ കുറെക്കൂടി നന്നായിരിക്കുകയില്ലേ?

ശ്രീ. ആർ. കേശവപിള്ള: ബഹ്വംഗം എന്നാക്കിയാൽ ദ്വയാംഗത്തിൽക്കൂടിപ്പോകും. അതുകൊണ്ടാണ് ദ്വയാംഗം എന്നു പറയുന്നത്.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, പാർലമെന്റിലേയ്ക്കും അസംബ്ളിയിലേയ്ക്കും ഉള്ള തിരഞ്ഞെടുപ്പു കഴിഞ്ഞതോടെ ദ്വയാംഗനിയോജകമണ്ഡലം എങ്ങനെയിരിക്കും എന്നു ഒരു തീരുമാനത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. ആ തത്വം തന്നെയാണ് മുനിസിപ്പൽ തിരഞ്ഞെടുപ്പിലും സ്വീകരിച്ചിട്ടുള്ളത്. ഒരു വാർഡ് ഏകാംഗ വാർഡാണെങ്കിൽ അതിൽനിന്നു രണ്ടു ആളുകളെ തെരഞ്ഞെടുക്കുക എന്നുവന്നാൽ അതു അത്ര സ്വീകാര്യമായിരിക്കുകയില്ല. അതുകൊണ്ടു ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was, by leave, withdrawn.

Shri A. Thanu Pillai: I move:

> 'In the proposed Section 46 (1), after this sub-clause insert "the division shall as far as possible be on the basis of population".

Sir, the Minister in charge has now told us that the principles adopted in the division of constituencies for Parliament are adopted in respect of this also. If so, there would be no difficulty in accepting this amendment. What the clausesaysis: 'For the purposes of the election of councillors the city shall be divided into as many territorial divisions as there are non-reserved seats'.

ശ്രീ. കെ. കൊച്ചുകുട്ടൻ : ബഹുമാനപ്പെട്ട മെംബർ കൊണ്ടുവന്ന ഭേദഗതി സ്വല്പമായ മാറ്റത്തോടുകൂടി ഗവണ്മെൻറ സ്വീകരിക്കുവാൻ തയാറാണ്. അതിലെ വാക്കിനെ സംബന്ധിച്ചു മാത്രമേ മാറ്റമുള്ളൂ.

> In clause 10 the following proviso shall be added to sub-clause (1) of the proposed section: 'provided that the population of the ward in whieh no seats are reserved under clause (c) of sub-section (1) of Section 5 shall, as far as possible, be equal'.

ശ്രീ. എ. താണുപിള്ള : അനുമതി.

Shri K. Kochukuttan: I move that in clause 10 the following proviso shall be added to sub-section (1):

> 'provided that the population of the ward in which no seats are reserved under clause (c) of sub-section (1) of Section 5 shall, as far as possible, be equal'.

Shri V. Madhavan: I second it.

The amendment was put and carried.

Shri A. Thanu Pillai: I move:

"In the proposed Section 46 (3) (a), insert 'Any division in which a seat isreserved, shall contain as far as possible, double the number of voters there are in a division with reserved seat".

This is only a corollary to the amendment accepted by the Minister now.

Instead of 'voters', it may be 'double the population'. If this amendment is not acceptable, I have to say a word about it.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ഭേദഗതിയുടെ തത്വം ഗവണ്മെൻറ അംഗീകരിക്കുന്നുവെങ്കിലും, അതിലേയ്ക്കു മറ്റൊരു ഭേദഗതി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതുകൂടാതെ ഒരു എക്സിക്യൂട്ടീവ് ആർഡർകൊണ്ടു വരുത്താവുന്ന ഒരു കാര്യമാണിതു്. അതിനെപ്പററി ഗവണ്മെൻറ ആലോചിക്കുന്നതാണ്.

* **Shri A. Thanu Pillai:** That is not enough. The population of every ward shall as far as possible be equivalent. In a ward with a reserved seat, the population must be double the population of a ward with no reservation. There seems to be a provision to that effect. So I have to move this. I say "as far as possible," because a strict exactitude cannot be insisted upon. But that should be the principle.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിൽ വോട്ടറന്മാർ ഇരട്ടിയുണ്ടായിരിക്കണമെന്നല്ല, ജനസംഖ്യ ഇരട്ടിയുണ്ടായിരിക്കണമെന്നാണ്.

Shri A. Thanu Pillai: It is our experience that if the number of voters is double, practically the population will be double, because the number of voters in any area is about 50, per cent. I think the division will be more or less comprised of voters, because the list is that of voters.

ശ്രീ. കെ. കൊച്ചുകുട്ടൻ : സർ, ഈ ഭേദഗതിയെ ഞാൻ സ്വീകരിക്കുന്നു.

The amendment was put and carried.

Shri C. Achyutha Menon: I move:

"In the proposed Section 51 (b), for the words 'twenty-fifth', substitute the word 'twentyfirst'."

സർ, എന്റെ ഭേദഗതി ഇതാണ്:

സിററി കാർപ്പറേഷനിലേയ്ക്ക് ഉള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കണമെങ്കിൽ ൨൫ വയസ്സു തികഞ്ഞിരിക്കണമെന്നാണു ബില്ലിലെ വ്യവസ്ഥ. എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു ൨൫ വയസ്സെന്നുള്ളത് ൨൧ വയസ്സാക്കി കുറയ്ക്കണമെന്നാണ്. കാരണം, ചെറുപ്പക്കാരായ ആളുകൾക്കു മുനിസിപ്പൽ കാർപ്പറേഷനിൽ മെംബറായിരിക്കാൻ കൂടുതൽ അവസരം ഇതുമൂലം ലഭിക്കുമെന്നുള്ളതാണ്. പാർലമെൻറിലേയ്ക്കും, സംസ്ഥാന നിയമസഭയിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം സ്ഥാനാർത്ഥികൾ ൨൫ വയസ്സ് തികഞ്ഞിരിക്കണം എന്നു വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയുടെ വെളിച്ചത്തിൽ എല്ലാ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥിയായി നിൽക്കുന്നവർക്കു ൨൫ വയസ്സ് തികഞ്ഞിരിക്കേണ്ടതാണെന്നാണു ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചതു്. എങ്കിലും പാർലമെൻറിലേയ്ക്കും നിയമസഭകളിലേയ്ക്കും ഉള്ള സ്ഥാനാർത്ഥികൾക്കു ൨൫ വയസ്സു തികഞ്ഞിരിക്കണമെന്നു വ്യവസ്ഥയുണ്ടാക്കിയതുതന്നെ എന്റെ അഭിപ്രായത്തിൽ ശരിയല്ല. നേരെമറിച്ചു ൨൧ വയസ്സ് എന്നു വ്യവസ്ഥചെയ്യുകയാണെങ്കിൽ, സമർത്ഥന്മാരും ചുറുചുറുക്കുമുള്ള ചെറുപ്പക്കാർക്കു കാർപ്പറേഷനിലും മുനിസിപ്പാലിററികളിലും സ്ഥാനാർത്ഥികളായി ജനസേവനം ചെയ്യാൻ കഴിയും. അതുകൊണ്ടു എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ ൨൫ വയസ്സ് സ്ഥാനാർത്ഥികൾക്കു തികഞ്ഞിരിക്കണമെന്നു രണ്ടുദിവസത്തിനു മുൻപുതന്നെ തീരുമാനിച്ച ഒരു സംഗതിയാണ്. അസംബ്ളിയിലേയ്ക്കും പാർലമെൻറിലേയ്ക്കും നിൽക്കുന്നവർക്കുകൂടി ൨൧ വയസ്സായാൽ മതിയെന്നാണ് ബഹുമാനപ്പെട്ട മെംബറിന്റെ അഭിപ്രായം. ഈ അഭിപ്രായം എല്ലാ തിരഞ്ഞെടുപ്പുകൾക്കും വേണ്ടി ഒരു പൊതുതത്വമായി സ്വീകരിക്കുന്നതുവരെ മുനിസിപ്പാലിററിയിലേയ്ക്കും ൨൫ വയസ്സ് തികഞ്ഞ വ്യക്തികൾ മാത്രമെ സ്ഥാനാർത്ഥിയായി നിൽക്കാൻ പാടുള്ളുവെന്നാണു എന്റെ അഭിപ്രായം. ഈ കാരണത്താൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Shr C. Achyutha Menon: I move:

In the proposed Section 52 (1), after the words 'not less than two years', and before 'unless. etc', insert the words 'for any offence other than an offence of a political character or an offence not involving moral delinquency'.

[ശ്രീ. സി. അച്യുതമേനോൻ]

സർ, എന്റെ ഭേദഗതികളിൽ ഏററവും പ്രാധാന്യം അർഹിക്കുന്നതാണിതു്. മുനിസിപ്പൽ തിരഞ്ഞെടുപ്പിലേയ്ക്കു നില്ക്കുന്ന സ്ഥാനാർത്ഥികൾക്കു് ചില അയോഗ്യതകൾ ഉണ്ടായിരുന്നാൽ സ്ഥാനാർത്ഥിയായി നില്ക്കുവാൻ പാടില്ലെന്നു ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. സെലക്ടു കമ്മിററിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ബില്ലവതരിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി മുൻപു പ്രസ്താവിച്ചതു, ഈ ബിൽ ആദ്യം കൊണ്ടുവന്ന അവസരത്തിൽ നിശ്ചയിച്ചിരുന്ന അയോഗ്യതകൾക്കു ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നാണു്. ഈ ഭേദഗതികൾ വരുത്തിയിട്ടുള്ളതു് പീപ്പിൾസ് റെപ്രസന്റേഷൻ ആക്ടിൽ എന്തെല്ലാം അയോഗ്യതകളാണോ സ്ഥാനാർത്ഥികൾക്കുള്ളതു് അവയെല്ലാം കാർപ്പറേഷനിലേയ്ക്കും, മുനിസിപ്പാലിററികളിലേയ്ക്കും സ്ഥാനാർത്ഥികളായി നില്ക്കുന്നവർക്കും ഉണ്ടായിരിക്കുമെന്നുള്ളതാണു്. ഒരു യൂണിഫോമിററിക്കു വേണ്ടി അംഗീകരിച്ചിട്ടുള്ള തത്വമാണിതു്. എങ്കിലും ഇതിനു് സാരമായ ഒരു ഭേദഗതി വരുത്തണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. പീപ്പിൾസ് റെപ്രസന്റേഷൻ ആക്ടിൽ ഒരു ക്രിമിനൽ കുററത്തിനുവേണ്ടി ഒരു വ്യക്തിയെ രണ്ടുകൊല്ലത്തിൽ കൂടുതൽ ശിക്ഷിച്ചാൽ അയാൾക്കു നിയമസഭയിൽ സ്ഥാനാർത്ഥിയായി നില്ക്കാൻ പാടില്ലെന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുത്ത പല ആളുകൾക്കും അയോഗ്യത കല്പിച്ചു് പുറംതള്ളിയിട്ടുണ്ടെന്നുള്ളതു ഞങ്ങളുടെ സ്വന്തം അനുഭവത്തിൽ നിന്നും മനസ്സിലായിട്ടുള്ളതാണു്. ഞങ്ങളുടെ പാർട്ടിയിലുള്ള പല ഉന്നതന്മാരായ നേതാക്കന്മാർക്കും തടവുശിക്ഷ അനുഭവിച്ചു എന്ന കാരണത്താൽ നിയമസഭയിലെ സ്ഥാനാർത്ഥിത്വം നഷ്ടപ്പെടുകയുണ്ടായിട്ടുണ്ടു്. തിരഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളം ഇതുപോലൊരു വ്യവസ്ഥയെ ഞങ്ങൾ കഠിനമായി പ്രതിഷേധിക്കുന്നു. ക്രിമിനൽ കുററത്തിനു് ശിക്ഷിക്കപ്പെട്ട ആൾക്കു യാതൊരു അയോഗ്യതയും കല്പിക്കാറില്ലേ എന്നു ചോദിച്ചേയ്ക്കാം. ഉദാഹരണമായി പറയുകയാണെങ്കിൽ കൊള്ളയും കൊലപാതകവും ചെയ്തവർ, പിടിച്ചുപറി നടത്തിയവർ ഇങ്ങനെയുള്ളവർ നിയമസഭയിൽ സ്ഥാനാർത്ഥികളായി വരാൻ അനുവദിക്കുന്നതു ശരിയാണോ എന്നു നോക്കുന്ന പക്ഷം ശരിയല്ലെന്നു തന്നെ ഞാനും പറയുന്നു. എന്നാൽ രാഷ്ട്രീയകുററങ്ങളെയും ഞാൻ മുൻ പറഞ്ഞ തരത്തിലുള്ള കുററങ്ങളെയും വേർതിരിച്ചു കാണിക്കുന്ന ഒരു ഖണ്ഡികകൂടി ബില്ലിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. അതു ചെയ്തിട്ടില്ല. അതാതു കാലങ്ങളിൽ സ്റ്റേററിന്റെ ഭരണാധികാരം വഹിക്കുന്ന വർഗ്ഗങ്ങൾ തീർച്ചയായിട്ടും അവരുടെ പ്രതിയോഗികളെ അടക്കിനിറുത്താൻ ഇപ്രകാരമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കാറുണ്ടു്. അതേ സമയം സർ, ഞാൻ ചോദിക്കുന്നു ന്യായത്തിന്റെയും നീതിയുടെയും പേരിൽ രാഷ്ട്രീയസമരത്തിൽ പങ്കെടുക്കുന്നതു ഒരു ക്രിമിനൽകുററമാക്കി അയോഗ്യത കല്പിക്കുന്നതു ജനായത്ത ഭരണകാലത്തു നീതീകരിക്കത്തക്കതാണോ എന്നു്. കാൺഗ്രസ്സുകാർ ഒരുകാലത്തു പ്രതിപക്ഷകക്ഷിയായി പ്രവർത്തനം നടത്തിക്കൊണ്ടിരുന്നപ്പോൾ ഇത്തരം അയോഗ്യതകളെ ശക്തിയുക്തം എതിർത്തിട്ടുണ്ടു്. എന്റെ മാന്യസ്നേഹിതൻ ഇവിടെ ഇരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയ്ക്കുപോലും ഈ അയോഗ്യതയുടെ പേ

രിൽ സാമാജികത്വം നഷ്ടപ്പെടുകയാണുണ്ടായതു്. രാഷ്ട്രീയപ്രതിയോഗികളുടെമേൽ അടിച്ചേല്പിക്കുന്ന ഈ വ്യവസ്ഥ നിയമസഭാചട്ടങ്ങളിൽനിന്നും വേരോടെ പിഴുതുകളയണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. ഈ ചട്ടം ഒരുവിധത്തിലും നിയമസംഹിതയിൽ സ്ഥലം പിടിക്കാൻ പാടില്ല. മറെറാരുകാര്യം രണ്ടു കൊല്ലത്തിൽ കൂടുതൽ ശിക്ഷയനുഭവിച്ചാൽ അയോഗ്യനായിത്തീരുന്ന ഒരാൾ രണ്ടുകൊല്ലത്തിൽ കുറഞ്ഞ ഏതു ക്രിമിനൽ കുററത്തിനും ശിക്ഷയനുഭവിക്കുന്നു എങ്കിൽ, അതായതു് കൊലപാതകമായാലും കൊള്ളാം, കൊള്ളയായാലും കൊള്ളാം അയാളുടെ അയോഗ്യത നീക്കി അസംബ്ലിസാമാജികത്വം നൽകപ്പെടാം എന്നു പറഞ്ഞിരിക്കുന്നു. രാഷ്ട്രീയകുററത്തിനും, കൊലപാതകക്കുററത്തിനും ക്രിമിനൽശിക്ഷയാണു കൊടുക്കുന്നതു്. അതുകൊണ്ടു ക്രിമിനൽ കുററങ്ങളെന്തെല്ലാമെന്നും രാഷ്ട്രീയമായ കുററങ്ങളെന്തെല്ലാമെന്നും ഒരു വിവേചനം ആവശ്യമാണു്. അങ്ങനെ ചെയ്തില്ലെങ്കിൽ ആയുഷ്ക്കാലം മുഴുവനും ജനസേവനത്തിനു വേണ്ടി ജീവിതം അർപ്പിച്ചിട്ടുള്ള പല ഉന്നതവ്യക്തികൾക്കും നിയമസഭയിലൊ അതുപോലുള്ള സ്ഥാനങ്ങളിലൊ സാമാജികന്മാരായി പങ്കെടുക്കാൻ സൗകര്യം ലഭിക്കാതെവരുന്നതാണു്. ഈ കാരണങ്ങളെ ഗവണ്മെൻറിൻെറ മുൻപിൽ ചൂണ്ടിക്കാണിക്കാനാണു എൻെറ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതേ സംബന്ധിച്ചു് വേണ്ടുവോളം ചർച്ച ഈ സെലക്ററ കമ്മിററിയിൽത്തന്നെ നടത്തിയിട്ടുണ്ടു്. ശ്രീമാൻ അച്യുതമേനോൻ അവർകൾ ആ സെലക്ററ കമ്മിററിയിലെ ഒരംഗവുമായിരുന്നു. ഇതു് ഒരു പൊതുവ്യവസ്ഥയായി ഇൻഡ്യ മുഴുവൻ അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് ഇതിൽ മാററം വരുത്തേണ്ട ആവശ്യമില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Shri A. Thanu Pillai: Sir, I move:

In the proposed Section 52, line 6, for "allow", substitute "fix".

It is only a matter of language. The section reads:

